# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേങ്ങൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ ഇ കെ എം.(പി2)1208/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 18/12/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ഇ കെ എം.(പി2)1208/25 തീയ്യതി: 18/12/2025

## എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു പി കെ | ഡെപ്യൂട്ടി ഡയറക്ടർ | 17-10-2025 | 25-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-10-2025 | 25-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി കവിതാ ദേവി വി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി പുഷ്പ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷൈബി.ഇ.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.നവാസ്. സി.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശില്പ സുധീഷ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ സുധീഷ് കുമാർ.സി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 26-04-2024 |
| ശ്രീ അഫ്സൽരാജ് എം ആർ | സെക്രട്ടറി | 27-04-2024 | 28-04-2024 |
| ശ്രീ സുധീഷ് കുമാർ.സി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-04-2024 | 31-05-2024 |
| ശ്രീ അഫ്സൽരാജ് എം ആർ | സെക്രട്ടറി | 01-06-2024 | 06-10-2024 |
| ശ്രീമതി.സിബി കൊന്താലം | സെക്രട്ടറി | 07-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബേബിമോൾ എസ് | വി ഇ ഒ (വേങ്ങൂർ) | 01-04-2024 | 31-03-2025 |
| ശ്രീമതി.കാർത്തിക.കെ.ബി | വി ഇ ഒ (കൊമ്പനാട്) | 01-04-2024 | 21-01-2025 |
| ശ്രീമതി ബേബിമോൾ എസ് | വി ഇ ഒ (വേങ്ങൂർ) ചാർജ് | 22-01-2025 | 02-02-2025 |
| ശ്രീമതി ഗ്രീഷ്മ.ജി.നാഥ് | വി ഇ ഒ (കൊമ്പനാട്) | 03-02-2025 | 31-03-2025 |
| ശ്രീ. സുഭാഷ് ജി. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 17-09-2024 |
| ശ്രീമതി കദീജ ബീവി.കെ.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 18-09-2024 | 31-03-2025 |
| ശ്രീമതി.ബബിത പി.എസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. എഡിസൺ മാത്യൂ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി സുജാത പി വി | ഹെഡ്മിസ്ട്രസ് | 01-04-2024 | 19-09-2024 |
| ശ്രീമതി.സുധ.കെ.എം | ഹെഡ്മിസ്ട്രസ് | 20-09-2024 | 31-03-2025 |
| ശ്രീമതി റഫീനബീവി എം എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-05-2024 |
| ശ്രീമതി,ഉമ്മു ഹബീബ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-06-2024 | 31-03-2025 |
| ശ്രീമതി രമ്യ കെ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 18-08-2024 |
| ശ്രീമതി.ഷാന്റി.എം.എസ് | ഐ സി ഡി എസ് | 19-08-2024 | 31-03-2025 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീ സുധീഷ് കുമാർ.സി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ.വിവേക് ജെസ്സ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2024 | 31-03-2025 |
| ഡോ.അഞ്ജു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ് കൃത്യമല്ല. | 1-1-4 |
| 6 | സുലേഖ സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള ചെലവും വാർഷികധനകാര്യപത്രിക പ്രകാരമുള്ള ചെലവു തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 1-10 |
| 16 | ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചില്ല. | 1-11 |
| 17 | ലൈഫ് മിഷൻ - ഭവന നിർമ്മാണം അഞ്ച് വർഷത്തിലേറെ ആയിട്ടും പൂർത്തിയാക്കിയില്ല. | 1-12 |
| 18 | ബയോ ബിൻ വാങ്ങി നൽകൽ -അപാകതകൾ | 1-13 |
| 19 | വീട് പുനരുദ്ധാരണം - പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 1-14 |
| 20 | ഗുണഭോക്താവിന് ലഭ്യമാക്കേണ്ട തുക തെറ്റായി സർക്കാർ ഫണ്ടിലേക്ക് ക്രെഡിറ്റായി. | 1-15 |
| 21 | അമൃതം ഫുഡ് ഉത്പന്ന വിതരണക്കാരനിൽ നിന്നും ടി.ഡി.എസ് ഈടാക്കിയില്ല | 1-16 |
| 22 | ആയുർവേദാശുപത്രിക്ക ഫർണിച്ചർ വാങ്ങൽ-ക്രമപ്രകാരമല്ല. | 1-17 |
| 23 | ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നു | 1-18 |
| 24 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-19 |
| 25 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശ്ശിക അടവാക്കിയത് - സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 26 | എം സി എഫ് സുരക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-21 |

| | | |
|---|---|---|
| 27 | ഓഡിറ്റ് ഇംപാക്ട് | 1-22 |
| 28 | കാലിത്തീറ്റയും ധാതുലവണവും വാങ്ങിയതിന്റെ കൈകാര്യച്ചെലവ് ലഭ്യമായില്ല | 1-23 |
| 29 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- ജി.എസ്.ടി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല. | 1-24 |
| 30 | മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് ചട്ടപ്രകാരം പിഴ ഈടാക്കുന്നില്ല. | 1-25 |
| 31 | കുടിവെള്ള പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 1-26 |
| 32 | സ്റ്റീൽ വർക്കിന് അധിക നിരക്കിൽ തുക അനുവദിച്ചു. | 1-27 |
| 33 | സാങ്കേതികാനുമതിയിൽ നിന്ന് വ്യത്യസ്തമായി പ്രൊജക്ട് നടപ്പാക്കി | 1-28 |
| 34 | സോർട്ടിംഗ് ടേബിൾ വാങ്ങൽ-അപാകത | 1-29 |
| 35 | വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടില്ല. | 1-30 |
| 36 | അതിദരിദ്രർക്ക് ഭക്ഷണ വിതരണം - ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉറപ്പാക്കണം | 1-31 |
| 37 | പകൽ വീട് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. | 1-32 |
| 38 | ബഡ്സ് സ്കൂൾ വാഹനത്തിന് ഇന്ധനം,അറ്റകുറ്റ പണികൾ -വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 39 | ഹോമിയോ മരുന്ന് ലഭ്യമായില്ല -₹92220/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-34 |
| 40 | നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. | 1-35 |
| 41 | ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. | 1-36 |
| 42 | ഹെൽത്ത് ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും | 1-37 |
| 43 | ജൽജീവൻ പദ്ധതി - അവലോകനം. | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സ്റ്റീൽ വർക്കിന് അധിക നിരക്കിൽ തുക അനുവദിച്ചു. | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗ വിവരം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ / വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |

| | | |
|---|---|---|
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 02.07.2025 ലെ 1 -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03.07.2025-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് – 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 18.12.2025

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ 'Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹8936598/- ആണ്. എന്നാൽ ഇതേ പത്രികയിലെ 'Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹2772528/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ് കൃത്യമല്ല.

ഗ്രാമ പഞ്ചായത്തിന്റെ, കുറുപ്പംപടി എസ്.ബി.ഐ യിൽ ഉള്ള അക്കൗണ്ടിന്റെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റിൽ താഴെ ചേർക്കുന്ന ചെക്കുകൾ പണമാക്കാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ തുക ചെക്ക് ഇഷ്യുചെയ്തതിന്റെ അല്ല. മറിച്ച് വരവിൽ വന്നതുകയേക്കാൾ വലിയ തുകയ്ക്ക് രസീത് നല്കിയതാണ്. ബാങ്ക് അക്കൗണ്ടിൽ വരാത്ത തുകയായതിനാൽ കാലഹരണപ്പെട്ട ചെക്കുകളായി പരിഗണിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് മറുപടിയിൽ അറിയിച്ചു. വാർഷികധനകാര്യപത്രികയുടെ കൃത്യതയ്ക്ക് ആവശ്യമായ നടപടികൾ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

| തീയതി | തുക |
|---|---|
| 13.12.2017 | 3379 |
| 5.8.2018 | 1633 |
| 19.12.2017 | 34 |
| 29.12.2017 | 692 |
| 4.8.2018 | 127 |
| 20.12.2017 | 397 |
| 23.12.2017 | 208 |
| 29.7.2017 | 8 |
| 14.12.2018 | 278 |
| 27.1.2018 | 721 |
| 6.1.2018 | 1915 |
| 29.11.2017 | 1977 |

### 1-1-5 സുലേഖ സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള ചെലവും വാർഷികധനകാര്യപത്രിക പ്രകാരമുള്ള ചെലവു തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വികസനഫണ്ട്(ജനറൽ), സിഎഫ്സി ഗ്രാന്റ് എന്നീ ഫണ്ടിനങ്ങളിലെ സുലേഖ സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള ചെലവും, ബന്ധപ്പെട്ട ഫണ്ടുകളുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ചെലവു തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വികസനഫണ്ട് ജനറൽ, സി.എഫ്.സി ഗ്രാന്റ് എന്നിവയിൽ ഈ വ്യത്യാസം നിലനിൽക്കുന്നു.

### 1-2 ബജറ്റ്

സ്ഥാപനത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 07.2.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റിന് 04.3.2025 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ |
|---|---|

| | |
|---|---|
| | (റിവൈസ്ഡ്) |
| മുന്നിരിപ്പ് (₹) | 87,94,226.00 |
| വരവ് (₹) | 404382859.00 |
| ആകെ (₹) | 413177085.00 |
| ചെലവ് (₹) | 403095720.00 |
| നീക്കിയിരിപ്പ്(₹) | 10081365.00 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹5,62,73,065/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹6,08,76,661/- |
| ആകെ | ₹11,71,49,726/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹5,19,40,063/- |
| നീക്കിയിരിപ്പ് | ₹6,52,09,663/- |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റു വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 33125000 (*) | 33125000 | 33020234 (**) | 0 | 104766 | (*) ജി.ഒ പ്രോജക്റ്റ് 3145259 (**) ക്യാപിറ്റൽ കോൺട്രി ബ്യൂഷൻ 1906724 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4925000 (*) | 4925000 | 4183700 (**) | 0 | 741300 | (*)ജി.ഒ പ്രോജക്റ്റ് 984723 (**) ക്യാപിറ്റൽ കോൺട്രി ബ്യൂഷൻ 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 1247000 | 1247000 | 866746 | 0 | 380254 | ക്യാപിറ്റൽ കോൺട്രി ബ്യൂഷൻ 0 |
| സംരക്ഷണ ഗ്രാന്റ് | 0 | 34714000 | 34714000 | 21919159 | 0 | 12794841 | ക്യാപിറ്റൽ കോൺട്രി |

| | | | | | | | |
|---|---|---|---|---|---|---|---|
| (റോഡ്) | | | | | | | ബ്യൂഷൻ 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6812000 | 6812000 | 2830462 (*) | 0 | 3981538 | (*)ക്യാപിറ്റൽ കോൺട്രി ബ്യൂഷൻ 260500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied-ട്രഷറി) | 0 | 4051669 | 4051669 | 6772358 + 130932= 903290 | 0 | 3148379 | ക്യാപിറ്റൽ കോൺട്രി ബ്യൂഷൻ 130932 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied-ബാങ്ക്) | 7715650 | 13002500 | 20718150 | 7106341 | 13611809 | 0 | 3363235(*) ക്യാപിറ്റൽ കോൺട്രി ബ്യൂഷൻ 7361 (പ്രയർ പീരീഡ് ക്യാപിറ്റൽ കോൺട്രി ബ്യൂഷൻ) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied-ട്രഷറി) | 0 | 43059 | 43059 | 0 | 0 | 43059 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied-ബാങ്ക്) | 5254029 | 5581651 + 701722 (പലിശ) | 11537402 | 3393704 + 5912 (*) | 8137786 | 0 | 673675+ 5912(*) ക്യാപിറ്റൽ കോൺട്രി ബ്യൂഷൻ |
| 320100130 –MPLAD സ്കീം | 1821226 | 0 | 1821226 | 1817750 | 3476 | 0 | |
| 320100145 – നാഷണൽ പ്രോഗ്രാം ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് | 1214915 | 621300+ 10987 (*) | 1847202 | 790178 | 1057024 | 0 | (*)ബാങ്ക് പലിശ 10987/- |
| 320100156 (RGPSA) | 24077 | - | 24077 | - | 24077 | 0 | |
| 320100181 – ടോട്ടൽ സാനിട്ടേഷൻ ക്യാംബെൻ | 66142 | 117600 | 183742 | 117600 | 66142 | 0 | |
| 320100182 – ടോട്ടൽ സാനിട്ടേഷൻ സ്കീം | 866718 | 122302 | 989020 | 122302 | 866718 | 0 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 320100191 – നിർമൽ പുരസ്കാരം | 380000 | 0 | 380000 | 0 | 380000 | 0 | |
| 320100196 ICDS | 3040761 | 1659546 | 4700307 | 554719 | 4145588 | 0 | |
| ഹെൽത്ത് ഗ്രാന്റ് 320100202 | 1025967 | 350000 + 28221 (*) | 1404188 | 816462 + 121 | 587605 | 0 | (*)ബാങ്ക് പലിശ ₹28221/- |
| ഹെൽത്ത് ഗ്രാന്റ് 320100204 | 378259 | 567000+ 10415 (*) | 955674 | 293107 + 119 | 662448 | 0 | (*) ബാങ്ക് പലിശ 10415/- ബാങ്ക് ചാർജ് 119/- |
| 320200203 ഫിഷറീസ് ഫണ്ട് | 1032 | - | 1032 | - | 1032 | 0 | |
| 320200399 ലൈഫ് -സംസ്ഥാന വിഹിതം | 4504000 | 2600000 | 7104000 | 2670000 | 4434000 | 0 | |
| 320300103 (PBIG) | 509863 | 0 | 509863 | 117698 | 392165 | 0 | |
| 320300199 അഗതി രഹിത കേരളം/ ആശ്രയ ഫണ്ട് | 1444529 | 100000 | 1544529 | 1032333 | 512196 | | |
| കോവിഡ് ഫണ്ട് സംഭാവന 320900102 | 53952 | 3686 (*) ബാങ്ക് പലിശ | 57638 | 0 | 57638 | 0 | (*)ടി തുക RP30ൽ ഉൾപ്പെട്ടിട്ടില്ല |
| ലിറ്ററസി ഗ്രാന്റ് 320100197 | 5610 | 0 | 5610 | 3600 | 2010 | 0 | |
| അദർ സ്കീംസ് 320100152 | - | 1900000 | 1900000 | 400000 | 1500000 | 0 | |
| നബാർഡ് അസിസ്റ്റൻസ് 320100101 | 3000 | - | 3000 | - | 3000 | 0 | |

കുറിപ്പ്

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിവിധ ഇനങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 361 | ₹8521821 | ₹5187809 | 131 | 77 | 153 | 36.25% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 4597 | 937587 | 942184 | 938662 | 3522 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25055213 | 25055213 | 25055213 | 0 |
| ആകെ | 4597 | 25992800 | 25997397 | 25993875 | 3522 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0.00 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹12163,800.00 | 710 |
| വിധവാ പെൻഷൻ | ₹12403100.00 | 811 |
| വാർദ്ധക്യകാല പെൻഷൻ | ₹31206600.00 | 2193 |
| വികലാംഗ പെൻഷൻ | ₹4003800.00 | 252 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള പെൻഷൻ | ₹780000.00 | 49 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹60,000.00 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2025 തീയതിയിൽ 3 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹3,556/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതിനായി താഴെ സൂചിപ്പിക്കുന്ന വസ്തുതകളിൽ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

1. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വാടക കരാർ, വ്യവസ്ഥകളെല്ലാം രേഖപ്പെടുത്തി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. വാടക രജിസ്റ്റർ ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4. പഞ്ചായത്ത് കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ രൂപീകരിക്കേണ്ടതാണ്.

5. പ്രോജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല. മോണിറ്ററിംഗ് റിപ്പോർട്ടുകൾ സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

6. രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കപ്പെടുന്നില്ല. മുൻകൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ സൂക്ഷിച്ചിട്ടില്ല.

1-10 തൊഴിൽ നികുതി – അപാകതകൾ

**1) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

**തൊഴിൽ നികുതി രജിസ്റ്റർ/ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല വിശദ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമനം | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം തുക/രസീത് നം./തീയതി | രണ്ടാം അർദ്ധവർഷം നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം തുക/രസീത് നം./തീയതി | ആകെ തുക | തൊഴിൽ നികുതി രജിസ്റ്റർ പേജ്. |
|---|---|---|---|---|---|
| 1 | ശരത്ചന്ദ്രൻ, പട്ടത്ത് , ഐമുറി | - | - | രേഖപ്പെടു ത്തിയിട്ടില്ല | 42 |
| 2 | ബാബു തോമസ് ഇഞ്ചക്കൽ, നെടുങ്ങപ്ര | - | - | ,, | 43 |
| 3 | അന്നമ്മ മെമ്മോറിയൽ ക്ലിനിക് (നവീൻ ജോർജ്ജ്) | - | - | ,, | 43 |
| 4 | ബാബുരാജ്, കാളാംപുറം, രാജ് സോഡാ ആന്റ് സോഫ്റ്റ് ഡ്രിങ്ക്സ് | - | - | ,, | 44 |
| 5 | ജനത റൈസ് മിൽ | - | - | ,, | 46 |
| 6 | മനു പോൾ ചുണ്ടാട്ട് , വേങ്ങൂർ | 2100/1240101341/ 04-10-2024 | അടച്ചിട്ടില്ല | 2100 | 47 |
| 7 | ബിന്ദു ബേബി, കുറുന്നപ്പിള്ളി | - | - | രേഖപ്പെടു ത്തിയിട്ടില്ല | 48 |
| 8 | N സ്റ്റാർ സിമന്റ് ബ്രിക്സ് | - | - | ,, | 48 |
| 9 | ഷിജോ പൌലോസ് , പാറപ്പുറം | - | - | ,, | 52 |
| 10 | ജയദേവി | - | - | ,, | 52 |
| 11 | ജയ്മോൻ എസ്, പൂങ്കാവനം | - | - | ,, | 54 |
| 12 | ആൽഫ എന്റർപ്രൈസസ് | - | - | ,, | 55 |
| 13 | വർക്കി കല്ലുങ്കൽ | - | - | ,, | 55 |
| 14 | എം.ഡി,ജോർജ്ജ് | - | - | ,, | 56 |

| | | | | | |
|---|---|---|---|---|---|
| 15 | ജി.കെ.സൺസ്, പുതുശ്ശേരി ഫുവൽസ് | 2580/1240101387/ 15-10-2024 | അടച്ചില്ല | 2580 | 58 |
| 16 | സെക്രട്ടറി, ക്ഷീരോല്പാദക സഹകരണ സംഘം, മേക്കപ്പാല | - | - | രേഖപ്പെടു ത്തിയിട്ടില്ല | 61 |
| 17 | സെക്രട്ടറി, ക്ഷീരോല്പാദക സഹകരണ സംഘം, വക്കുവള്ളി | - | - | ,, | 61 |
| 18 | സെക്രട്ടറി, ക്ഷീരോല്പാദക സഹകരണ സംഘം, പാണിയേലി | - | - | ,, | 61 |
| 19 | സെക്രട്ടറി, ക്ഷീരോല്പാദക സഹകരണ സംഘം, പാണംകുഴി | - | - | ,, | 62 |
| 20 | സെക്രട്ടറി, ക്ഷീരോല്പാദക സഹകരണ സംഘം, പുന്നയം കവല | - | - | ,, | 62 |
| 21 | ബിനോ പോൾ, ചുണ്ടാടൻ | - | - | ,, | 63 |
| 22 | ടി ഷോപ്പ്, ചൂരത്തോട് | - | 960/ 1240103456/ 30-03-2025 | 960 | 66 |
| 23 | ഹെൽത്ത് കെയർ ക്ലിനിക്കൽ ലബോറട്ടറി | - | - | രേഖപ്പെടു ത്തിയിട്ടില്ല | 67 |
| 24 | എം.ജി.എം.ക്ലിനിക് | - | - | ,, | 71 |
| 25 | സെന്റ് ജോർജ്ജ് ക്ലിനിക്കൽ ലാബ് | - | - | ,, | 73 |
| 26 | പ്രകൃതി ആയുർവ്വേദ ക്ലിനിക് | - | - | ,, | 74 |
| 27 | എച്ച് ആർ ഡി ലാബ് | | 750/ 1240103302/ 17-03-2025 | 750 | 75 |
| 28 | ഒലിവ് ഹോമിയോപ്പതിക് ക്ലിനിക് | - | - | രേഖപ്പെടു ത്തിയിട്ടില്ല | 76 |
| 29 | ചൈതന്യ ആയുർവ്വേദ ക്ലിനിക് | - | - | ,, | 79 |
| 30 | ഗ്രേസ് പ്രിന്റേഴ്സ് പ്രസ്സ് | - | - | ,, | 80 |

| | | | | | |
|---|---|---|---|---|---|
| 31 | ശാല്യ മെറ്റൽസ് , നെടുങ്ങപ്ര | – | – | ,, | 82 |
| 32 | ആൽപിൻ ലൈഫ് പാക്ക് | – | – | ,, | 83 |
| 33 | ആർ.ജെ അസ്സോസിയേറ്റ്സ് | – | – | ,, | 85 |
| 34 | ഫൈവ് സ്റ്റാർ എന്റർ പ്രൈസസ് | – | – | ,, | 87 |
| 35 | കൌമ എന്റർ പ്രൈസസ് , | – | – | ,, | 88 |
| 36 | പ്രീമിയർ എന്റർ പ്രൈസസ് | – | – | ,, | 89 |
| 37 | ജെസി മാത്യൂ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 600/12401001311/ 01-10-2024 | – | 600 | 90 |
| 38 | കള്ള് ഷാപ്പ്, കോടമ്പിള്ളി | – | 1600 | രണ്ട് അർദ്ധ വർഷവും തുക അടച്ചതിന്റെ വിവരങ്ങൾ ഇല്ല. | 91 |
| 39 | BFHC, Vegoor | – | 2000/- 1240103593/ 22-03-2025<br>1250/124010394 /22-03-2025<br>3750/1240103591/ 22-03-2025 | 7000 | 93 |

1. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചതിന്റെ രസീത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2) തൊഴിൽ നികുതി രജിസ്റ്റർ – രേഖപ്പെടുത്തലുകൾ അപൂർണ്ണം.

3.തൊഴിൽ നികുതി രജിസ്റ്ററിന്റെ അവസാന ഭാഗത്ത് തൊഴിൽ നികുതി സംബന്ധിച്ച ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 2024-25 വർഷം യാതൊരു തുകയും അരിയർ ആയി ലഭിക്കാനില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ലഭിക്കാനുള്ളതായും കാണുന്നു. ഇപ്രകാരം കണക്കാക്കിയത് എന്തിനെ അടിസ്ഥാനമാക്കിയാണെന്ന് വ്യക്തമല്ല. മേൽ സൂചിപ്പിച്ച വസ്തുതകളിൽ വിശദീകരണം ലഭ്യമാക്കണം എന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/23-10-2025 ന് ലഭ്യമാക്കിയ മറുപടിയിൽ ആകെ ₹13015/- ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വേളയിൽ കളക്ട് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുക അടവാക്കിയവ ഒഴികെയുള്ള മറ്റു സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തനത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ട മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-11 ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചില്ല.

ലൈസൻസ് രജിസ്റ്റർ/ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചിട്ടില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റ പേര് | ലൈസൻസ് നമ്പർ | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റ വിവരം |
|---|---|---|---|
| 1 | കളമ്പാടൻ ഫുവൽസ് | 1338/24 (7) | 2500/1230103161-04-03-2024 |
| 2 | നെട്ടുങ്ങപ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. E 135 വേങ്ങൂർ സബ് ഡിപ്പോ. | 1823/24 | 2500/1240100405/27-05-2024 |
| 3 | നെട്ടുങ്ങപ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. E 135<br>വളം ഡിപ്പോ വേങ്ങൂർ | 1821/24 | 2500/1240100403/27-05-2024 |
| 4 | നെട്ടുങ്ങപ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. E 135 വേങ്ങൂർ സബ് ഡിപ്പോ.മേക്കപ്പാല | 1822/24/17 | 2500/1240100404/27-05-2024 |
| 5 | സഹകരണ നീതി ലാബ് & ക്ലിനിക്ക് | 1922/24 | 2500/1230103350/14-3-2024 |
| 6 | നീതി മെഡിക്കൽ സ്റ്റോർ | 1931/24 | 2500/1230103351/14-3-2024 |
| 7 | ജയ് ഹിന്ദ് ഹോസ്പിറ്റൽ & ലാബ് | 1651/2024 | 2500/1240100680/1-7-2024 |
| 8 | നീതി സ്റ്റോർ ക്രാരിയേലി | 1651/24 | 2500/1230103406/15-3-2024 |
| 9 | വളം കീടനാശിനി ഡിപ്പോ ക്രാരിയേലി | 1938/2024 | 2500/1230103411,12/15-3-2024 |
| 10 | സഹകരണ സൂപ്പർ മാർക്കറ്റ് കൊമ്പനാട് | 1937/24 | 2500/123010340/15-3-2024 |
| 11 | വളം കീടനാശിനി ഡിപ്പോ, വേങ്ങൂർ | 1936/24 | 2500/1230103409/15-3-2024 |
| 12 | വളം കീടനാശിനി ഡിപ്പോ, കൊമ്പനാട് | 1935/2024 | 2500/123010340815-3-2024 |
| 13 | വളം കീടനാശിനി ഡിപ്പോ, ക്രാരിയേലി | 1930/2024 | 2500/1230103405-15-3-2024 |
| 14 | സഹകരണ ഹാർഡ് വെയർ സ്റ്റോർ, | 1929/2024 | 2500/1230103404-15-3-2024 |

താരതമ്യേന തനത് വരുമാനം കുറഞ്ഞ വേങ്ങൂർ ഗ്രാമ പഞ്ചായത്തിൽ രേഖകൾ പ്രകാരം ലൈസൻസ് ലഭ്യമായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധ വർഷം കണക്കാക്കി പിരിച്ചിട്ടില്ല. തൊഴിൽ നികുതി പിരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/25-10-2025 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 7 ജയ് ഹിന്ദ് ഹോസ്പിറ്റൽ ₹2500/- തൊഴിൽ നികുതിയായി 25-10-2025 ൽ അടച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് ഇംപാക്ട്). ക്രമ നം.07 ഒഴികെയുള്ള മറ്റ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ലൈഫ് മിഷൻ – ഭവന നിർമ്മാണം അഞ്ച് വർഷത്തിലേറെ ആയിട്ടും പൂർത്തിയാക്കിയില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം സഹായം നൽകിയിരിക്കുന്നവരുടെ വിവരങ്ങൾ പരിശോധിച്ചതിൽ വർഷങ്ങളായി താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാത്തതായി കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ലൈഫ് ക്രമ നം. | പേര് | ആദ്യ ഗഡു തുക /സ്വീകരിച്ച തീയതി | ആകെ ആനുകൂല്യമായി ലഭിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| | ലൈഫ് 2020 – SC | | | |
| 5 | ശാന്ത കോട്ടേക്കുടി | 40000/10-05-2023 | 350000 | |
| 18 | സുരേഷ് കെ.& അജിത,കല്ലേകുളത്തിൽ | 40000/14-11-2023 | 350000 | |
| 22 | ഷിബി കോതായിൽ | 40000/27-12-2023 | 350000 | |

| | | | | |
|---|---|---|---|---|
| 24 | ശരണ്യ ശശി | 100000/17-08-2024 | 350000 | |
| 25 | അനീഷ് അയ്യപ്പൻകുട്ടി | 40000/24-09-2024 | 350000 | |
| | ലൈഫ് 2020 (ജനറൽ) | | | |
| 43 | ചിന്നമ്മ ഔസേഫ്, കപ്പടയ്ക്കാമഠത്തിൽ | 40000/27-09-2023 | 350000 | |
| 46 | മേരി ജോസഫ് മുട്ടത്ത് | 40000/11-10-2023 | 350000 | |
| 47 | ലീല ചിറങ്ങര | 40000/31-10-2023 | 200000 | |
| 60 | ജയൻ കെ.എസ്, കമ്പനിപ്പടി | 40000/15-02-2023 | 350000 | |
| 71 | ദേവകിയമ്മ, കളരിക്കൽ | 40000/24-03-2024 | 350000 | |
| 73 | വിജി ഷിനോജ്, കാഞ്ഞിരത്തിങ്കൽ | 40000/02-07-2024 | 300000 | |
| 75 | സൂസൻ ജോസ് കോഴിക്കാക്കുടി | 40000/02-07-2024 | 300000 | |
| 76 | ഏലിയാമ്മ പത്രോസ് കോഴിക്കാട്ടുകുളങ്ങര | 40000/02-07-2024 | 300000 | |
| 77 | അഞ്ജു ഏബിൾ നായ്ക്കണ്ണിയിൽ | 40000/02-07-2024 | 300000 | |
| 81 | ഏലിയാമ്മ ഏലിയാസ്, കോട്ടപ്പുറം | 40000/08-07-2024 | 300000 | |
| 82 | ഗോപകുമാർ പി.എ. വിനീത, പൊന്നുത്തുംകുടി | 40000/08-07-2024 | 300000 | |
| 88 | ബിനു സാറാമ്മ ബിനു എടശ്ശേരി | 40000/24-10-2024 | 350000 | |
| 89 | മേരി ബേബി, കുന്നത്തുകുടി | 40000/13-12-2024 | 300000 | |
| | ലൈഫ് രജിസ്റ്റർ നം. 2(SC/ST ഉൾപ്പെട്ടത്) | | | |
| 22 | സ്വാതികൃഷ്ണ, പിടിക്കുടി, തുങ്ങാലി | 40000/29-02-2020 | 300000 | |
| 27 | ബിന്ദു മോൾ പി.ജി. മധമല | 40000/29-08-2020 | 200000 | |
| 35 | അശ്വതി, കാവുംകുടി | 40000/19-08-2020 | 200000 | |
| 45 | ലിവിയ കരുണൻ തുരുത്തിക്കാട് കുട്ടമശ്ശേരി (മറ്റു ഗ്രാമ പഞ്ചായത്ത് ) | 40000/28-01-2021 | 360000 | |
| 46 | അജിത കുമാരി, തുരുത്തിക്കാട് കുട്ടമശ്ശേരി | 40000/28-01-2021 | 360000 | |
| 52 | ബിനു ഭാസ്കരൻ | 40000/17-02-2021 | 360000 | |
| 65 | രാധാമണി പാറയിൽ | 40000/04-03-2021 | 130000 | |
| 76 | അനുമോൾ ഗോപി പൊങ്ങിൻ ചുവട് | 90000/31-08-2021 | 530000 | |

മുകളിൽ വിവരിച്ച പ്രകാരം തുകകൾ കൈമാറിയ ഗുണഭോക്താക്കളിൽ പലരും 5 വർഷത്തിന് ശേഷവും പൂർത്തിയാക്കാത്തത് നിർവ്വഹണത്തിലേയും, മോണിട്ടറിങ്ങിലേയും അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഭവന നിർമ്മാണം പൂർത്തിയാക്കാനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് അറിയിച്ച് 25.10.2025 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 29 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈഫ് ഭവന പദ്ധതി വഴി പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ വാർഡു തല സമിതിയും ഭരണ സമിതിയും കൂടെ സംയുക്തമായി നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിര ഇടപെടൽ നടത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ബയോ ബിൻ വാങ്ങി നൽകൽ -അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം. | S00344/2025 |
| പേര് | ബയോ ബിൻ വാങ്ങി നൽകൽ |
| അടങ്കൽ | ₹255600/- (ധനകാര്യ കമ്മീഷൻ അവാർഡ്) (ഗുണഭോക്തൃ വിഹിതം ₹25560/- 10%) |
| ചെലവ് | ₹217260/- (ധനകാര്യ കമ്മീഷൻ അവാർഡ്) (ഗുണഭോക്തൃ വിഹിതം ഇല്ല)<br>ചെലവ് വിവരം, ബിൽ നം. 364/07.01.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പഞ്ചായത്തിൽ ഗാർഹിക ജൈവമാലിന്യസംസ്കരണത്തിനായി ജീ ബിൻ ബയോ കമ്പോസ്റ്റർ വാങ്ങി നൽകുന്നതിനുള്ള പ്രോജക്റ്റാണിത്. 2024-25 വർഷം 90 ജീബിന്നുകൾ ഗ്ലോബൽ വാട്ടർ സിസ്റ്റംസ് എന്ന കമ്പിനിയിൽ നിന്നും വാങ്ങി വിതരണം ചെയ്യാനാണ് പ്രോജക്റ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. ഉറവിട ജൈവമാലിന്യ സംസ്കരണത്തിന് കമ്പോസ്റ്റിംഗ് ഉപാധികൾ വാങ്ങി നൽകുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (ആർ.ടി) നം.34/2024/LSGD തീയതി 04.01.2024 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗുണമേന്മ ഉറപ്പുവരുത്തി രണ്ട് രീതിയിൽ വാങ്ങൽ നടത്താവുന്നതാണ്. ഉപാധികൾ വിതരണം ചെയ്ത ശേഷം തുടർ ചെലവുകൾ തദ്ദേശസ്ഥാപനം വഹിക്കുന്നരീതിയിലും (ഉത്തരവിലെ ഖണ്ഡിക 2.1 അനുസരിച്ച്), ഉപാധികൾ വിതരണം ചെയ്ത ഏജൻസി തന്നെ തുടർ ചെലവുകൾ വഹിക്കുന്നരീതിയിലും (ഖണ്ഡിക 2.2). ഇതിൽ ആദ്യത്തെ രീതിയിലാണെങ്കിൽ ശുചിത്വമിഷൻ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിന്റെ 70% ൽ അധികരിക്കാത്ത തുക മാത്രമേ നല്കാവൂ. പഞ്ചായത്തിൽ രണ്ടാമത്തെ രീതിയിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത് ആയത് 02-02-2024 ലെ നമ്പർ 32/2024 പ്രകാരമുള്ള ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഉപാധികൾ വിതരണം ചെയ്ത ഏജൻസികൾ തന്നെ തുടർ ചെലവുകൾ വഹിക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.)

പ്രോജക്റ്റുമായി ബന്ധപ്പെട്ട് കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആകെ 90 ബൊക്കാഷി ബക്കറ്റുകൾ ആണ് വിതരണം ചെയ്തത്. ഇത്തരം മാലിന്യ സംസ്കരണ ഉപാധികൾ വാങ്ങുമ്പോൾ പാലിക്കേണ്ട സൂചിത സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ യഥാവിധി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകളൊന്നും ഫയലിൽ കണ്ടില്ല.

2. ആകെ അടങ്കൽ തുക ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ (25560/-) ₹255600/- യാണ് വകയിരുത്തിയത്. എന്നാൽ 90 ഗുണഭോക്താക്കളിൽ നിന്നും ലഭിച്ച ഗുണഭോകതൃവിഹിതം ആയ ₹25560/- ചെലവായതായി രേഖപ്പെടുത്തിയിട്ടില്ല.

3. ഇനോക്കുലത്തിന്റെ തുടർ ലഭ്യത ഉറപ്പുവരുത്തുന്ന രേഖകൾ ലഭ്യമാക്കിയില്ല

4. സബ്സിഡിയിലൂടെ നൽകുന്ന സാധനങ്ങൾ ഗുണഭോക്താക്കൾ കൃത്യമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ അവരുമായി കരാറിൽ ഏർപ്പെട്ടില്ല.

5.2024-25 ൽ തുക നൽകിയിട്ടും ജിയോ ബിൻ ജിയോ ടാഗ് ചെയ്തിരിക്കുന്നത് ഏജൻസി സമർപ്പിച്ച കത്ത് പ്രകാരം 29-07-2025 ൽ ആണ്. അതായത് ബൊക്കാഷെ ബക്കറ്റ് വിതരണം ചെയ്യാൻ കാല താമസം വന്നിട്ടുള്ളതായി കാണുന്നു.

6. 29-07-2025 ൽ ഗ്ലോബൽ വാട്ടർ സിസ്റ്റംസ് നൽകിയ കത്ത് പ്രകാരം 90 ബൊക്കാഷി ബക്കറ്റുകൾ ജിയോ ടാഗ് ചെയ്തിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ജിയോ ടാഗ് ചെയ്തിരിക്കുന്നതിന്റെ ലൊക്കേഷൻ പരിശോധിച്ചതിൽ തുങ്ങാലി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആകെ 15 വാർഡുകളുള്ള ഗ്രാമ പഞ്ചായത്തിലെ 90 ഉപഭോക്താക്കൾക്ക് അവരുടെ വീടുകളിൽ വിതരണം ചെയ്ത് ജിയോ ടാഗ് ചെയ്യുന്നതിന് പകരം ഒരു ലൊക്കേഷനിൽ തന്നെ വിതരണം നടത്തിയതായി രേഖപ്പെടുത്തിയതിനാൽ ഈ പ്രൊജക്റ്റ് പ്രകാരം മുഴുവൻ ഗുണഭോക്താക്കൾക്കും ബൊക്കാഷി ബക്കറ്റ് ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/22-10-2025 ന് ലഭ്യമാക്കിയ മറുപടിയിൽ ജിയോ ടാഗിംഗ് നടത്തിയത് ഗ്രാമ പഞ്ചായത്ത് പരിസരത്ത് വച്ചായിരുന്നു എന്നും, വ്യക്തികളുടെ വീടുകളിൽ എത്തി ജിയോ ടാഗിംഗ് നടത്താത്തതിനാൽ റീടെൻഷൻ ആയി വച്ച 10% തുകയായ ₹25560/- നൽകിയിട്ടില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ബൊക്കാഷി ബക്കറ്റുകൾ വിതരണം ചെയ്ത സ്ഥാപനം തുടർന്നുള്ള ഇനോക്കുലം വിതരണം നടത്തിയിട്ടില്ല എന്നും 2025-26 വർഷം ഓർഗാനിക് കമ്പോസ്റ്റർ ബിന്നുകൾ ആണ് വിതരണം ചെയ്തിട്ടുള്ളത് എന്നും ഉപഭോക്താക്കളുമായി 2025-26 മുതൽ കരാറിൽ ഏർപ്പെടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുമ്പോൾ കരാറിലെ വ്യവസ്ഥകൾ പാലിച്ചു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

1-14 വീട് പുനരുദ്ധാരണം - പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 194/2025 |
| പ്രൊജക്റ്റിന്റെ പേര് | വീട് പുനരുദ്ധാരണം - എസ്.സി (സ്പിൽ ഓവർ) |
| അടങ്കൽ | ₹725000/- (എസ്.സി.പി) |
| ഫണ്ടിനം | വികസനഫണ്ട് എസ്.സി.പി |
| ചെലവ് | 550000<br>1.233/09-05-2024 – ₹75000/-<br>2.232/09-05-2024 – ₹100000/-<br>3.302/11-07-2024 – ₹25000/-<br>4.299/11-07-2024 – ₹75000/-<br>5.370/22-08-2024 – ₹50000/-<br>6.411/11-10-2024- ₹25000/-<br>7.415/11-10-2024 – ₹25000/-<br>8.412/11-10-2024 – ₹25000/-<br>9.563/13-01-2025 – ₹25000/-<br>10.569/15-01-2025 - ₹25000/-<br>11.699/10-03-2025 – ₹50000/-<br>12.871/24-03-2025 – ₹50000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

2024-25 വർഷം സ്പിൽ ഓവർ ആയി വീട് പുനരുദ്ധാരണം - എസ്.സി. പ്രൊജക്റ്റ് നിർവ്വഹണം നടത്തിയിട്ടുണ്ട്. പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്ന രജിസ്റ്റർ പരിശോധിച്ചതിൽ ക്രമ നം. 3 ഓമന തങ്കപ്പൻ

09-06-2024 ൽ തുക കൈപ്പറ്റിയിട്ടും നാളിതുവരെയായി ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു. 2024 ജനുവരി 1 ന് കരാറിൽ ഏർപ്പെട്ടത് പ്രകാരം 31-03-2024 ന് മുമ്പായി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ രേഖകൾ പ്രകാരം നാളിതുവരെയായിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ക്രമ നം. 9 ൽ കെ.സി. പദ്മനാഭൻ 11-10-2024 ൽ ആദ്യ ഗഡു സ്വീകരിച്ചിട്ടും നാളിതുവരെയായിട്ടും ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. 2023 ഡിസംബർ മാസം 8 ന് കരാറിൽ ഏർപ്പെട്ട ഗുണഭോക്താവ് 3 മാസത്തിനകം പൂർത്തിയാക്കേണ്ടതായിരുന്നുവെങ്കിലും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

2. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി ഏർപ്പെട്ട കരാർ പ്രകാരം കരാർ തീയതി മുതൽ 3 മാസത്തിനകം ഭവന പുനരുദ്ധാരണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പല ഗുണഭോക്താക്കളും കരാർ പ്രകാരം ഭവന പുനരുദ്ധാരണം നിശ്ചിത തീയതിക്ക് ശേഷം ആണ് പൂർത്തിയാക്കിയത്.

3. സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ. തീയതി 28-05-2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ 6-7 (ഖണ്ഡിക 4) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് ₹100000/- യും, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് ₹150000/- യും ആണ് പരമാവധി നൽകേണ്ടത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് പരിശോധിച്ചതിൽ ഒരു ഗുണഭോക്താവിന് ₹50000/- വീതം വകയിരുത്തിയാണ് നിലവിൽ പ്രൊജക്ട് നിർവ്വഹണം നടത്തിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്ത് സ്വന്തം നിലയിൽ പ്രോജക്ട് തുക ₹50000/- യായി വകയിരുത്തിയപ്പോൾ ടി തുക കൊണ്ട് ബന്ധപ്പെട്ട ഗുണഭോക്താക്കൾ അവരുടെ ആവശ്യ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. സഹായം നൽകിയിരിക്കുന്ന ഗുണഭോക്താവ് സമർപ്പിച്ച വാല്വേഷൻ പ്രകാരം സഹായ ധനത്തിന്റെ കൂടുതൽ തുകയ്ക്ക് പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. ഉദാഹരണത്തിന് ക്രമ നം. 12 ശാന്ത തങ്കപ്പൻ എന്ന ഗുണഭോക്താവിന്റ വാല്വേഷൻ പ്രകാരം ₹68000/- പുനരുദ്ധാരണത്തിന് ചെലവാക്കിയിട്ടുണ്ട്. എന്നാൽ നൽകിയിരിക്കുന്നത് ₹50000/- യാണ്. മാർഗ്ഗ രേഖ പ്രകാരം പരമാവധി ₹150000/- നല്കാമെന്നിരിക്കെ മാർഗ്ഗരേഖയിലെ നിർദ്ദിഷ്ട തുകയിൽ നിന്നും വളരെ കുറഞ്ഞ തുക സബ്സിഡിയായി ഉൾപ്പെടുത്തി പ്രൊജക്ട് നടപ്പാക്കിയതിന്റെ കാരണം വ്യക്തമല്ല. (പ്രൊജക്ട് പ്രകാരം ആകെ അടങ്കൽ തുക ₹725000/- യും, ചെലവ് തുക ₹550000/- യും ആണ്)

4. ഗുണഭോക്താവ് സ്വന്തം നിലയിൽ തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഓവർസിയർ സാക്ഷ്യപ്പെടുത്താതെയാണ് സഹായം നൽകിയിരിക്കുന്നത്.

മേൽ വിവരിച്ചവയുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/23-10-2025 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവായ ഓമന തങ്കപ്പൻ നിലവിൽ വീട് പുനരുദ്ധാരണം പൂർത്തിയാക്കാനായി സാധനങ്ങൾ ഇറക്കി പ്രവൃത്തി നടത്തുന്നതായി ബോധ്യപ്പെട്ടതായി അറിയിച്ചിട്ടുള്ളതും, ശ്രീ കെ.സി.പദ്മനാഭൻ സ്പിൽ ഓവർ ആയി പ്രവൃത്തി 2025-26 ൽ പൂർത്തീകരിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. 2024 ജനുവരി 1 ന് കരാറിൽ ഏർപ്പെട്ടിട്ടും നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാകാത്തത് അപാകതയാണ്. കരാറിൽ ഏർപ്പെട്ട് തുക കൈപ്പറ്റിയതിന് ശേഷം പണി പൂർത്തിയാക്കാത്തത് വ്യക്തിപരവും ആരോഗ്യപരവുമായ വിഷമതകൾ കാരണമാണെന്ന് മറുപടിയിൽ അറിയിച്ചു. മേൽ അപാകതകൾ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

മാർഗ്ഗ രേഖ പ്രകാരം സർക്കാർ നിശ്ചയിച്ച പരിധിയിലും കുറച്ച് തുക നിജപ്പെടുത്തി നൽകിയത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ വേങ്ങൂർ ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ വിഭവ സ്രോതസ്സുകൾക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തുക വകയിരുത്തി വി.ഇ.ഒ യെ ചുമതലപ്പെടുത്തിയതായിരുന്നെന്നും മാർഗ്ഗരേഖ നിഷ്കർഷിച്ചിട്ടുള്ളതിൽ യാതൊന്നും വിപരീതമായി ചെയ്തിട്ടില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്രമ നം. 12 ശാന്ത തങ്കപ്പൻ എന്ന ഗുണഭോക്താവിന്റ വാല്വേഷൻ പ്രകാരം ₹68000/- ചെലവാക്കിയതിൽ സഹായമായി നൽകിയിരിക്കുന്നത് ₹50000/- യാണ്. ആകെ അടങ്കൽ തുക ₹725000/-യും, ചെലവ് തുക ₹550000/- യും

ആണ്. ആയത് പ്രകാരം ₹175000/- ചെലവഴിക്കാതെ പാഴാവുകയും ചെയ്തു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന എസ്. സി വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് മതിയായ സഹായം അനുവദിക്കാത്തതും, തുക ചെലവഴിക്കാതെ ലാപ്സ് ആയതും നിർവ്വഹണത്തിലെ അപാകതയാണ്. ഗുണഭോക്താക്കളുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ബന്ധപ്പെട്ട ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതും അപാകതയാണ്. സമൂഹത്തിലെ പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങൾക്കുള്ള പ്രൊജക്ടുകൾ നിർവ്വഹണം നടത്തുമ്പോൾ വ്യക്തമായ മോണിട്ടറിംഗ് നടത്തേണ്ടതും മാർഗ്ഗരേഖ അനുശാസിക്കുന്ന തരത്തിൽ ധനസഹായം നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-15 ഗുണഭോക്താവിന് ലഭ്യമാക്കേണ്ട തുക തെറ്റായി സർക്കാർ ഫണ്ടിലേക്ക് ക്രെഡിറ്റായി.

| | |
|---|---|
| പ്രൊജക്ട് നം. | SO 135/2024 |
| പ്രൊജക്ടിന്റെ പേര് | പകർച്ചവ്യാധി നിയന്ത്രണം |
| അടങ്കൽ | ₹100000/- |
| ചെലവ് | ആകെ ചെലവ് – ₹26762/-<br>BRN 23120752007400245052/27-06-2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

2023-24 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പകർച്ചവ്യാധി നിയന്ത്രണം എന്ന പ്രൊജക്ട് പ്രകാരം ₹26762/- ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ₹11088/- ഗുണഭോക്താവായ ഓർമ്മ ഓഫ് സെറ്റ് പ്രസിന്റെ അക്കൗണ്ടിൽ ലഭിച്ചിട്ടില്ലായെന്നും IFSC കോഡ് മാറിയത് മൂലം തിരികെ സർക്കാർ അക്കൗണ്ടിലേക്ക് തന്നെ ക്രെഡിറ്റ് ആകുകയും സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ലഭിക്കാതിരിക്കുകയും ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് 20-06-2024 ൽ ചേർന്ന ഭരണ സമിതി യോഗം ചർച്ച ചെയ്തിട്ടുള്ളതുമാണ്. തുക ഗുണഭോക്താവിന് ലഭിക്കാത്തത് സംബന്ധിച്ചും ഗുണഭോക്താവിന് ലഭ്യമാക്കേണ്ട തുക മാറിപ്പോയത് തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറി നം. 6/22-10-2025-ന് ലഭ്യമാക്കിയ മറുപടിയിൽ തെറ്റായി ക്രഡിറ്റ് ആയ ₹11088/- എച്ച്.എം.സി ഫണ്ടിൽ നിന്നും നൽകിയതായും ആയത് സർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് എച്ച്.എം.സി ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-16 അമൃതം ഫുഡ് ഉത്പന്ന വിതരണക്കാരനിൽ നിന്നും ടി.ഡി.എസ് ഈടാക്കിയില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് | 14/25, അങ്കണവാടി പൂരക പോഷകാഹാരം |
| ഫണ്ടിനം | വികസനഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് |
| അടങ്കൽ | ₹1200000/-, ₹1000000/- |
| ചെലവ് | ₹1143649, ₹554719 |

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടി പൂരക പോഷകാഹാരം എന്ന പ്രോജക്ടിൽ (14/25) അമൃതം ഫുഡ് സപ്ലിമെന്റ്, ന്യൂട്രിമിക്സ്, രായമംഗലം ഗ്രാമ പഞ്ചായത്ത് എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും പ്രകാരം വാങ്ങി വിതരണം ചെയ്തിട്ടുള്ളതാണ്. ചുവടെ കാണിച്ചിട്ടുള്ള തുകകളോടൊപ്പം 2.5% CGSTയും, 2.5% SGSTയും നല്കിട്ടുള്ളതുമാണ്.

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ടിലും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2%

നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ് ഉൽപന്നം വാങ്ങിയപ്പോൾ ടി.ഡി.എസ് ഈടാക്കിയിട്ടില്ലാത്തതാണ്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 23.10.2025 ൽ നല്കിയ ഓഡിറ്റ് എൻക്വയറി 27 ന മറുപടി ലഭിച്ചില്ല. ഭാവിയിൽ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

| ക്രമ നം | ഉത്പന്നം | ഇൻവോയ്സ് നം. | തീയതി | നികുതി ഒഴികെയുള്ള തുക |
|---|---|---|---|---|
| 1 | അമൃതം | 13 | 29.04.24 | 55510 |
| 2 | അമൃതം | 14 | 29.04.24 | 11790 |
| 3 | അമൃതം | 28 | 24.05.24 | 55090 |
| 4 | അമൃതം | 29 | 24.05.24 | 11295 |
| 5 | അമൃതം | 38 | 22.06.24 | 45780 |
| 6 | അമൃതം | 67 | 2.09.24 | 55500 |
| 7 | അമൃതം | 115 | 17.01.25 | 55230 |
| 8 | അമൃതം | 47 | 09.07.24 | 59150 |
| 9 | അമൃതം | 136 | 12.03.25 | 51450 |

## 1-17 ആയുർവേദാശുപത്രിക്ക ഫർണിച്ചർ വാങ്ങൽ-ക്രമപ്രകാരമല്ല.

| | |
|---|---|
| പ്രോജക്ട് നം | 52/25 |
| പേര് | ആയുർവേദ ആശുപത്രിക്ക ഫർണിച്ചർ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| അടങ്കൽ | ₹150000.00 (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ചെലവ് | ₹150000.00 |
| ബിൽ നമ്പർ/തീയതി | മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് 645/24.02.2025 |

ഈ പ്രൊജക്ട് പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആയുർവേദാശുപത്രിക്ക ഫർണിച്ചർ വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| ഇനം | എണ്ണം |
|---|---|
| സോഫ | 1 |
| എക്സിക്യൂട്ടീവ് ചെയർ | 1 |
| പ്ലാസ്റ്റിക് ചെയർ | 15 |
| റാക്ക് | 8 |
| സ്റ്റീൽ കാബിനറ്റ് | 5 |
| സ്റ്റീൽ കാബിനറ്റ് ഗ്ലാസ്സ് ഡോർ | 1 |
| വിസിറ്റേഴ്സ് ചെയർ | 1 |

ഈ പ്രൊജക്ടിൽ ആർട്കോ തൃശ്ശൂർ എന്ന ഒരു സ്ഥാപനം മാത്രമാണ് പ്രഫോർമാ ഇൻവോയിസ് ഹാജരാക്കിയിട്ടുള്ളത്. ജി ഒ (ആർ ടി) നം. 19/2009 /എസ് പി ഡി തീയതി 23.03.2009 ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫർണിച്ചർ ആർട്കോയിൽ നിന്ന് ടെൻഡർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകുകയും ആയതിന്റെ കാലാവധി ജി ഒ (ആർ ടി) നം. 21/2023/എസ് പി ഡി തീയതി 24.02.2023 ഉത്തരവിലൂടെ 06.03.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവിലെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഫർണിച്ചർ വാങ്ങേണ്ടത് ടെൻഡർ നടപടിയിലൂടെ ആയിരിക്കണം എന്നും

നിർദ്ദേശിച്ചിട്ടുണ്ട്. ഈ പ്രൊജക്റ്റിൽ വാങ്ങിയിട്ടുള്ള ഉപകരണങ്ങളിൽ 'നീൽകമൽ' എന്ന സ്വകാര്യ കമ്പനി ഉത്പാദിപ്പിക്കുന്ന 15 പ്ലാസ്റ്റിക് കസേരകൾ ഉൾപ്പെടുന്നു. ആർട്കോ ഹാജരാക്കിയ 8/24-25 നമ്പർ ഇൻവോയിസിൽ ₹525.00 നിരക്കിൽ 15 കസേരകൾ വാങ്ങിയതിന് ചെലവായ ₹7875.00 യും ഉൾപ്പെട്ടിട്ടുണ്ട്.
ആർട്കോ പൊതുമേഖലാ സ്ഥാപനം അല്ല. സർക്കാർ ഉത്തരവിൽ ഉൾപ്പെട്ട, ഈ സ്ഥാപനം ഉത്പാദിപ്പിക്കുന്ന ഫർണിച്ചർ ടെൻഡർ നടപടി കൂടാതെ വാങ്ങുന്നതിന് മാത്രമാണ് അനുമതിയുള്ളത്. ആയതിനാൽ ഓപ്പൺ ടെൻഡർ കൂടാതെ സ്വകാര്യ കമ്പനിയുടെ ഉത്പന്നം വാങ്ങിയിട്ടുള്ളത് ക്രമപ്രകാരമല്ല.
ഇതിനുള്ള വിശദീകരണവും ഫർണിച്ചർ വാങ്ങുന്നതിന് മുൻപ് ഉണ്ടായിരുന്ന ഉപകരണങ്ങളുടെ നിലവിലെ വിനിയോഗ വിവരവും ലഭ്യമാക്കുന്നതിനു 21.10.2025 ൽ നല്കിയ ഓഡിററ് എന്ക്വയറി 1നു ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നു

വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ആസ്തി ബാദ്ധ്യത കണക്കിൽ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ തുകകൾ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിന് 23.10.2025 ൽ നല്കിയ ഓഡിറ്റ് എൻക്വയറി 17 നു ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കി. നടപടി സ്വീകരിച്ച വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

| ക്രമ നം. | ഹെഡ് | നീക്കിയിരിപ്പ് |
|---|---|---|
| 1 | മെമ്പർ ഓഫ് പാർലമെന്റ് ലോക്കൽ & ഡെവലപ്മെന്റ് സ്കീം 320100130 | 3476 |
| 2 | മറ്റ് സ്കീമുകൾ 320100152 | 1500000 |
| 3 | (RGPSA) 320100156 | 24077 |
| 4 | NPPD 320100145 | 1057024 |
| 5 | സാനിട്ടേഷൻ 320100181 | 66142 |
| 6 | ടോട്ടൽ സാനിട്ടേഷൻ 320100182 | 866718 |
| 7 | നിർമ്മൽ പുരസ്കാരം 320100191 | 380000 |
| 8 | ലിറ്ററസി സ്കീം 320100197 | 2010 |
| 9 | ഫിഷറീസ് ഫണ്ട് 320200203 | 1032 |
| 10 | (PBIG) 320300103 | 392165 |
| 11 | NABARD 320400101 | 3000 |
| 12 | മറ്റ് ഗ്രാന്റുകൾ 320800199 | 534458 |
| 13 | കോവിഡ് ഗ്രാന്റ് 20900102 | 57638 |
| 14 | മറ്റ് ഗ്രാന്റുകൾ 320200399 | 4434000 |

## 1-19 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല.

ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ ശീർഷകങ്ങളിലായി മുൻകൂർ നൽകിയ തുകകളിൽ താഴെ ചേർത്തിട്ടുള്ള പ്രകാരം ഇനിയും ക്രമീകരിക്കപ്പെടാതെ തുകകൾ അവശേഷിക്കുന്നുണ്ട്.

| കോഡ് | ഹെഡ് | തുക |
|---|---|---|

| | | |
|---|---|---|
| 460100103 | ടെംപററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസ് | ₹20906 |
| 460500801 | അഡ്വാൻസ് ടു എം.ജി.എൻ .ആർ.ഇ.ജി.എ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് | ₹2450471 |
| 460500201 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ്- ഡെപ്പോസിറ്റ് വിത്ത് കെ.ഡബ്ലിയു.എ | ₹653000 |
| 460500202 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ്- ഡെപ്പോസിറ്റ് വിത്ത് കെ.എസ്.ഇ.ബി | ₹7098402 |
| 460500205 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ്- ഡെപ്പോസിറ്റ് വിത്ത് പി.ഡബ്ലിയു.ഡി | ₹11,14,000 |
| 460500399 | അഡ്വാൻസ് ടു അദർ ഏജൻൻസീസ് | ₹10,31,074 |
| 460500419 | അഡ്വാൻസ് ടു വന സംരക്ഷണസമിതി | ₹4,80,000 |
| 460500420 | അഡ്വാൻസ് ടു (Kel) | ₹2,04,900 |
| 460500499 | അഡ്വാൻസ് ടു അക്രഡിറ്റഡ് ഏജൻസീസ് | ₹11511 |
| 460500501 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | ₹339900 |
| 460500901 | അഡ്വാൻസ് ടു അദേഴ്സ് | ₹60,784 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം ക്രമീകരിച്ചില്ലെങ്കിൽ അനുവദിച്ച മുൻകൂർ തുക 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്ന മുൻകൂർ തുകകൾ സംബന്ധിച്ച് വിശദീകരണവും ഇക്കാര്യത്തിൽ പഞ്ചായത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ലഭ്യമാക്കുന്നതിനു 23.10.2025 ൽ നല്കിയ ഓഡിറ്റ് എൻക്വയറി 17ന് ആയത് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു. നടപടി സ്വീകരിച്ച വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

**1-20 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശ്ശിക അടവാക്കിയത് - സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.**

വേങ്ങൂർ ഗ്രാമപഞ്ചായത്ത് വാർഡ് 7 ൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ നെടുങ്ങപ്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം 2012 ൽ അരംഭിക്കുകയും 16.07.2012ലെ III(1) നമ്പർ തീരുമാന പ്രകാരം ടി പ്രവൃത്തിയുടെ ഗുണഭോക്തൃസമിതി കൺവീനറായി കെ യു സുകുമാരൻ, കല്ലിട്ടുമ്പി, തുരുത്തി പി. ഒ, ചെയർമാൻ കെ.പി വർഗീസ്, കാരിപ്ര, നെടുങ്ങപ്ര എന്നയാളെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ടി പദ്ധതി പ്രവർത്തനരഹിതമായിട്ട് വർഷങ്ങൾ കഴിഞ്ഞെങ്കിലും ഗുണഭോക്തൃസമിതിയോ മാറി വന്ന ഭരണസമിതിയോ ഇത് ശ്രദ്ധയിൽപെടുത്തുകയോ കറന്റ് കണക്ഷൻ വിഛേദിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. തഹസിൽദാർ കുന്നത്തുനാട് താലൂക്കിന്റെ RRC No.2024/14914/07 Dtd.30/09/2024 പ്രകാരം ₹27004/- യുടെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതി നിലവിൽ പ്രവർത്തന രഹിതമാണ്. പ്രവർത്തനക്ഷമമല്ലാതിരുന്ന പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശ്ശിക അടയ്ക്കുവാൻ ഗുണഭോക്തൃ സമിതി തയ്യാറല്ല. ജപ്തി നടപടികളുമായി മുന്നോട്ട് പോയാൽ പഞ്ചായത്തിന് ഉണ്ടാകുന്ന നഷ്ടവും ബുദ്ധിമുട്ടുകളും കണക്കിലെടുത്തും വൈദ്യുതി ചാർജ് കുടിശ്ശിക അടയ്ക്കുവാൻ ഗുണഭോക്തൃസമിതി തയ്യാറാകാത്ത സാഹചര്യത്തിലും കുടിശ്ശിക ആയിരുന്ന കാലയളവിലെ (20.02.2020 വരെ) വൈദ്യുതി കുടിശ്ശിക തുക തനത് ഫണ്ടിൽ നിന്നും ഒടുക്കി ജപ്തി നടപടികൾ ഒഴിവാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 12.03.2025 ൽ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു (അജണ്ട 1, തീരുമാനം 1). അതിൻ പ്രകാരം വൈദ്യുതി ചാർജ് കുടിശ്ശിക ₹27004/- 19.3.2025 ലെ വൌച്ചർ 2240176 പ്രകാരം അടവാക്കിയിട്ടുള്ളതാണ്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി ചാർജ് നിലവിലെ സാഹചര്യത്തിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ഒടുക്കിയതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## 1-21 എം സി എഫ് സുരക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വേങ്ങൂർ ഗ്രാമപഞ്ചായത്തിന് എം സി എഫ് നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമി പട്ടിക ജാതി വിഭാഗങ്ങൾക്കായി ശ്മശാനം നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം വാങ്ങിയിട്ടുള്ളതാണെന്നും, ടി, എം സി എഫ് നിർമ്മാണത്തിനെതിരെ പ്രാദേശികമായി എതിർപ്പ് ഉയർന്നിട്ടുള്ള സാഹചര്യത്തിൽ നിലവിൽ നിർദ്ദിഷ്ട എം സി എഫ് നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലത്ത് നിർമ്മാണം അസാദ്ധ്യമാണ് എന്നും ആയതിനാൽ എം സി എഫ് നിർമ്മാണം തത്കാലം നിർത്തിവെക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി 11.4.2024ൽ തീരുമാനിച്ചു.

എന്നാൽ എം സി എഫ് സുരക്ഷ സംബന്ധിച്ച് പെരുമ്പാവൂർ അഗ്നി സുരക്ഷ നിലയത്തിൽ നിന്നുള്ള നിർദ്ദേശ പ്രകാരമുള്ള എല്ലാ സുരക്ഷാ നടപടികളും നിലവിൽ പഞ്ചായത്ത് ആഫീസിന് സമീപം താത്കാലികമായി പ്രവർത്തിച്ചു വരുന്ന എം സി എഫിൽ ചെയ്യുന്നതിന് സാധിക്കില്ല എന്നും യോഗം വിലയിരുത്തി. ആയതിനാൽ അടിയന്തിരമായി വാടകക്ക് മറ്റൊരു കെട്ടിടം കണ്ടെത്തി എല്ലാ സുരക്ഷ നടപടികളും ഏർപ്പെടുത്തുന്നതിനും അതേ തീയതി തന്നെ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തു. എന്നാൽ - 22.10.2025- തീയതി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (12) നല്കിയ മറുപടിയിൽ നിലവിൽ അവിടെ തന്നെ അവശ്യം വേണ്ട സജ്ജീകരണങ്ങളോടെ എം സി എഫ് പ്രവർത്തനം തുടരുന്നതായി അറിയിച്ചു. നിലവിൽ കുടുംബശ്രീ കാന്റീന് സമീപമായാണ് എം സി എഫ് പ്രവർത്തിക്കുന്നത്. ഭാവിയിൽ ഇത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാം എന്നതിനാലും പെരുമ്പാവൂർ അഗ്നി സുരക്ഷ നിലയത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിനും സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്ന ഒരു സ്ഥലം കണ്ടെത്തുന്നതാണ് ഉചിതമെന്ന് ഓഡിററിൽ വിലയിരുത്തുന്നു.

## 1-22 ഓഡിറ്റ് ഇംപാക്ട്

2024-25 വർഷത്തെ തൊഴിൽ നികുതി പിരിക്കുന്നതിലെ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/23-10-2025, 26/25-10-2025 എന്നിവയനുസരിച്ച് യഥാക്രമം ₹10515/-യും, ₹2500/- യും ചേർത്ത് ആകെ ₹13015/- 25-10-2025 തീയതിയിൽ ഗ്രാമ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

## 1-23 കാലിത്തീറ്റയും ധാതുലവണവും വാങ്ങിയതിന്റെ കൈകാര്യച്ചെലവ് ലഭ്യമായില്ല

1.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,<br>പേര് | എസ് ഒ 200/25,<br>ധാതുലവണ മിശ്രിതം, വിരമരുന്ന് വിതരണം |
| അടങ്കൽ | ₹135000.00 (വികസന ഫണ്ട്- സാധാരണ വിഹിതം) |
| ചെലവ് | ₹135000.00 (വികസന ഫണ്ട്- സാധാരണ വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| വൗച്ചർ നമ്പർ/തീയതി/ തുക | 42401041/13.05.2024/₹135000/- |

പ്രോജക്ട് പ്രകാരം കേരള ഫീഡ്സ്, കല്ലേറ്റുംകര, തൃശ്ശൂർ എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ഒരു കിലോ തൂക്കം വരുന്ന 900 പാക്കറ്റ് ധാതുലവണ മിശ്രിതം വാങ്ങി ക്ഷീര കർഷകർക്ക് നൽകിയിട്ടുണ്ട്. കേരള ഫീഡ്സുമായി നിർവ്വഹണോദ്യോഗസ്ഥൻ ചമച്ച 16.02.2024 തീയതിയിലെ KFL/430/99(III) കരാറിലെ ക്രമ നം. 5 ഖണ്ഡിക പ്രകാരം ഓരോ പായ്ക്കറ്റിനും 10/- രൂപ വീതം കൈകാര്യ ചെലവ് കമ്പനി നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം കൈകാര്യ ചെലവിനത്തിൽ കേരള ഫീഡ്സിൽ നിന്നും ₹9000/- (900 X 10 = 9,000) ലഭ്യമായിട്ടില്ല.

2.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, | എസ് 32/25, |

| | |
|---|---|
| പേര് | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി |
| അടങ്കൽ | ₹727200.00<br>(363600/- വികസന ഫണ്ട്- സാധാരണ വിഹിതം, 363600/-ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹727200.00<br>(363600/- വികസന ഫണ്ട്- സാധാരണ വിഹിതം, 363600/-ഗുണഭോക്തൃവിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| വൗച്ചർ നമ്പർ/തീയതി/ തുക | 1) 42400831/25.02.2025 / ₹30300/-<br>2) 42401339/10.03.2025 /₹30300/-<br>3) 42401337/10.03.2025 /₹90900/-<br>4)42400896/17.03.2025 /₹90900/-<br>5)42401418/21.03.2025 /₹121200/-<br>6)42401427/22.03.2025 /₹121200/-<br>7)42400972/25.03.2025 /₹121200/-<br>8)42400973/25.03.2025 /₹121200/- |

പ്രോജക്റ്റ് പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡ്, അരിക്കുഴ,ഇടുക്കിയിൽ നിന്നും ₹1515/- നിരക്കിൽ 50 കിലോ തൂക്കം വരുന്ന എലൈറ്റ് കാലിത്തീറ്റ വാങ്ങി വിതരണം ചെയ്യുന്നതിന് ഗുണഭോക്തൃവിഹിതം ഉൾപ്പെടെ ₹727200/- ചെലവഴിച്ചിട്ടുണ്ട്. കരാറിലെ ( KFL/TDPA/090/21/45/25 തീയതി 17.01.2025) ക്രമ നം. 7 വ്യവസ്ഥ പ്രകാരം ചാക്കൊന്നിന് ₹50/- കൈകാര്യ ചെലവ് കേരള ഫീഡ്സ്-ൽ നിന്ന് വെറ്ററിനറി സർജൻ മുഖേന ലഭ്യമാകേണ്ടതാണ്. ആകെ 480 ചാക്ക് കാലിത്തീറ്റയാണ് വിതരണം ചെയ്തിട്ടുള്ളത്. ആയതിനാൽ ₹24000/- (480 X 50 = 24000/-) ലഭിക്കേണ്ടതാണ്.

ഇരു പ്രൊജക്റ്റുകളിലെയും കൈകാര്യച്ചെലവ് കേരള ഫീഡ്സ്-ൽ നിന്ന് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24 തീയതി 23.10.2025) കൈകാര്യച്ചെലവ് ആവശ്യപ്പെട്ട് ക്ഷീരസഹകരണ സംഘം വെറ്ററിനറി സർജന്റെ ശുപാർശയോടെ സ്ഥാപനത്തിന് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. കരാർ പ്രകാരം ലഭിക്കേണ്ട കൈകാര്യച്ചെലവ് ₹33000/- (9000 + 24000= 33,000) ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- ജി.എസ്.ടി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല.

| | |
|---|---|
| പ്രോജക്റ്റ് നം.,<br>പേര് | എസ് 26/25,<br>മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹400000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | ₹400000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| വൗച്ചർ നം./തീയതി, തുക | 42401271/22.01.2025 |

ഗുഡ്സ് & സർവ്വീസ് ആക്റ്റ് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരമുള്ള വാങ്ങലിൽ നീതി മെഡിക്കൽ സ്റ്റോർ ക്രാരിയേലി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (GSTIN-32AAAAK2978A1Z2) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ & തീയതി | ബിൽ തുക | ബിൽ പ്രകാരം ജി.എസ്.ടി ബാധകമായ തുക | ജി.എസ്.ടി തുക (SGST+CGST) |
|---|---|---|---|
| 14621/15.11.2024 | 400020/- | 294782.41 | 35373.88 |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലാണ് സ്ഥാപനം നൽകിയിട്ടുള്ളത്. പണം നൽകിയ വേളയിൽ ജി.എസ്.ടി ബാധകമായ ₹294782.42 ന്റെ 2% ടി.ഡി. എസ് ₹5896/- ഈടാക്കാതെ തുക പൂർണ്ണമായും സപ്ലെയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ 24.10.2025-ൽ 25ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ജി.എസ്.ടി വകുപ്പിന്റെ സർക്കുലർ അനുസരിച്ച് സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും ജി.എസ്.ടി വകുപ്പ് നിർദ്ദേശിക്കുന്ന മറ്റ് സ്ഥാപനങ്ങൾക്കും 2% ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്നതിനാൽ സഹകരണ സ്ഥാപനമായ നീതി മെഡിക്കൽ സ്റ്റോർ ഇതിന്റെ പരിധിയിൽ വരും എന്ന ധാരണയിലാണ് 2% ജി.എസ്.ടി കുറവ് ചെയ്യാതിരുന്നത് എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. വെറ്ററിനറി സർജന് ജി.എസ്.ടി രജിസ്ട്രേഷൻ ലഭ്യമല്ലാതിരുന്നതിനാൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യാനും സാധിക്കില്ലായിരുന്നുവെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നിയമ പ്രകാരം സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യേണ്ട ജി.എസ്.ടി തുക കുറവ് ചെയ്തതിന് ശേഷം മാത്രം കരാർ സ്ഥാപനത്തിന് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-25 മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് ചട്ടപ്രകാരം പിഴ ഈടാക്കുന്നില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, 2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. നിയമാനുസൃത പിഴ ചുമത്താതിരുന്നത് മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ വരുമാന നഷ്ടവുമുണ്ടായിട്ടുണ്ട്.

2012 ലെ കേരള പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം ഓരോ പ്രാവശ്യവും ദീർഘിപ്പിച്ചു നൽകാവുന്ന കരാർ കാലാവധി ദൈർഘ്യം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ മാത്രമാണ്. ഏതൊരു പ്രവൃത്തിയ്ക്കും അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് ₹1000/- കൂടിയത് ₹50000/-), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് ₹2000/- കൂടിയത് ₹100000/-) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. G.O(Ms) No. 21/2024/PWD/02.04.2024 നം.ഉത്തരവ് പ്രകാരം ഖണ്ഡിക 2112.1 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുവാൻ വൈകുന്ന ഓരോ ആഴ്ചയ്ക്കും PACയുടെ 0.1% Liquidated Damages (പരമാവധി 10%) ആയി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മതിയായ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പർ, പേര് | എസ് ഒ 190/25, കോടമ്പള്ളിച്ചിറ നവീകരണം ടൂറിസം പദ്ധതി വാർഡ് 13 |

| | |
|---|---|
| തൻവർഷ അടങ്കൽ | ₹1060507/-<br>(വികസനഫണ്ട്-സാധാരണ വിഹിതം) |
| EPAC<br>APAC | ₹1693171.56/-<br>₹1540716/- |
| കരാറുകാരൻ | ശ്രീ ബേസിൽ പി വർഗീസ് |
| സാങ്കേതികാനുമതി | LSGD/CELSGD/EST_TS/3728/2023_5_1_1/17.01.2023(4 മാസം) |
| എഗ്രിമെന്റ് നം. | 50/AE/LSGD/VNGR/22-23/23.02.23 |
| സൈറ്റ് കൈമാറിയ തീയതി | 03.03.2023 |
| പൂർത്തീകരിക്കേണ്ട തീയതി | 03.07.2023 |
| പൂർത്തീകരിച്ച തീയതി | 07.03.2024 |
| ഈടാക്കേണ്ട പിഴ തുക (3%) | ₹46221/- |
| ഈടാക്കിയത് | 0 |
| കുറവ് | ₹46221/- |

2)

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,<br>പേര് | എസ് ഒ 272/25,<br>പകൽവീട് നവീകരണം വാർഡ് 11 |
| അടങ്കൽ | ₹328857/-<br>(₹300000/- ധനകാര്യ കമ്മീഷൻ അവാർഡ്, ₹28857/- തനത് ഫണ്ട്) |
| EPAC<br>APAC | ₹253859.74/-<br>₹278693/- |
| കരാറുകാരൻ | ശ്രീ ബേസിൽ പി വർഗീസ് |
| സാങ്കേതികാനുമതി | LSGD/CELSGD/EST_TS/97196/2023_5_1_1<br>/16.12.2023(6മാസം) |
| എഗ്രിമെന്റ് നം. | 68/AE/LID&EW/VNGR/23-24/26.02.2024 |
| സൈറ്റ് കൈമാറിയ തീയതി | 07.03.2024 |
| പൂർത്തീകരിക്കേണ്ട തീയതി | 07.09.2024 |
| പൂർത്തീകരിച്ച തീയതി | 22.03.2025 |
| ഈടാക്കേണ്ട പിഴ തുക (3%) | ₹8361/- |
| ഈടാക്കിയത് | ₹557/- |
| കുറവ് | ₹7804/- |

3)

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,<br>പേര് | എസ് ഒ 277/25,<br>വലിയവളവ് എലക്കാട് അരുവപ്പാറ റോഡ് വാർഡ് 6 |
| അടങ്കൽ | ₹868320/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| EPAC<br>APAC | ₹666907.23/-<br>₹733530/- |
| കരാറുകാരൻ | ശ്രീ ബാലസുബ്രഹ്മണ്യൻ കെ ബി |

| | |
|---|---|
| സാങ്കേതികാനുമതി | LSGD/CELSGD/EST_TS/131262/2023_5_1_1/18.12.2023(3 മാസം) |
| എഗ്രിമെന്റ് നം. | 55/AE/LID&EW/VNGR/23-24/30.01.2024 |
| സൈറ്റ് കൈമാറിയ തീയതി | 06.02.2024 |
| പൂർത്തീകരിക്കേണ്ട തീയതി | 06.05.2024 |
| പൂർത്തീകരിച്ച തീയതി | 11.02.2025 |
| ഈടാക്കേണ്ട പിഴ തുക (3%) | ₹22006/- |
| ഈടാക്കിയത് | 0 |
| കുറവ് | ₹22006/- |

4)

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | എസ് ഒ 278/25,<br>കൊമ്പനാട് ക്രാരിയേലി ചർച്ച് റോഡ് റീടാറിംഗ് സൈഡ് ഐറിഷ് ഡ്രെയിനേജ് വാർഡ് 13 |
| അടങ്കൽ | ₹697636/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| EPAC<br>APAC | ₹926338.07/-<br>₹88423/- |
| കരാറുകാരൻ | ശ്രീ കെ കെ ഷെല്ലി |
| സാങ്കേതികാനുമതി | LSGD/CELSGD/EST_TS/35759/2023_5_1_1/19.05.2023(6 മാസം) |
| എഗ്രിമെന്റ് നം. | 04/AE/LSGD/VNGR/23-24/05.07.2023 |
| സൈറ്റ് കൈമാറിയ തീയതി | 15.07.2023 |
| പൂർത്തീകരിക്കേണ്ട തീയതി | 15.01.2024 |
| പൂർത്തീകരിച്ച തീയതി | 24.03.2024 |
| ഈടാക്കേണ്ടപിഴ തുക (1%) | ₹8842/- രൂപ |
| ഈടാക്കിയത് | 0 |
| കുറവ് | ₹8842/- |

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽനിന്നും പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം നൽകുന്നതിന് 24.10.2025-ൽ 26ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് കരാറുകാരോട് ഫൈൻ അടയ്ക്കുകയോ കാരണം ബോധിപ്പിക്കുകയോ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. മേൽ പരാമർശിച്ച പ്രൊജക്ടുകൾ കൂടാതെ തൻവർഷം തുക അനുവദിച്ച മുഴുവൻ പ്രൊജക്ടുകളും പരിശോധിച്ച് ബാധകമായ പിഴ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 കുടിവെള്ള പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | എസ് ഒ 275/25,<br>വടയമ്പാറ കുടിവെള്ള പദ്ധതി |
| അടങ്കൽ | ₹468088.00<br>(456695/- ധനകാര്യ കമ്മീഷൻ അവാർഡ്, |

| | |
|---|---|
| | ₹11393/- തനത് ഫണ്ട്) |
| ചെലവ് | ₹267296.00<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം. /തീയതി / തുക | 706 / 27.03.2025 / 267296/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച വടയമ്പാറ കുടിവെള്ള പദ്ധതി എന്ന സ്പിൽ ഓവർ പ്രൊജക്റ്റിന് തൻവർഷം ₹267296.00 ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതായി 25.03.2025-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ കത്ത് നൽകുകയും കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. ഈ കുടിവെള്ള പദ്ധതി മുഖേന കുടിവെള്ള വിതരണം ആരംഭിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 23.10.2025-ൽ 21ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മോട്ടോർ സ്ഥാപിച്ച് വൈദ്യുതി കണക്ഷന് അപേക്ഷിച്ചിരിക്കുകയാണെന്ന് മറുപടി ലഭിച്ചു. പ്രൊജക്റ്റ് പൂർത്തിയാക്കി കുടിവെള്ള വിതരണം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-27 സ്റ്റീൽ വർക്കിന് അധിക നിരക്കിൽ തുക അനുവദിച്ചു.

പഞ്ചായത്തിലെ പകൽവീട് നവീകരണം എന്ന പ്രവൃത്തിയിൽ സ്റ്റീൽ വർക്ക് ചെയ്യുന്നതിന് നൽകിയിട്ടുള്ള നിരക്ക് ഡി.എസ് ആർ ഇനം 10.16.1 Steel Work In Built Up Tubular ( Round, Square Or Rectangular Hollow Tubes Etc.) Trusses Etc........ @168.82 ആണ്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ 22.10.25 ന് നേരിട്ട് പരിശോധിച്ചതിൽ Steel Work In Single Sectioning ആണ് ചെയ്തിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പർ, പേര് | എസ് ഒ 272/25,<br>പകൽവീട് നവീകരണം വാർഡ് 11 |
| അടങ്കൽ | ₹328857.00<br>(300000/- ധനകാര്യ കമ്മീഷൻ അവാർഡ്,<br>28857/- തനത് ഫണ്ട്) |
| ചെലവ് | ₹328857.00<br>(300000/- ധനകാര്യ കമ്മീഷൻ അവാർഡ്,<br>28857/- തനത് ഫണ്ട്) |
| ബിൽ നം/വൗച്ചർ നം/ തീയതി/ തുക | 586/15.03.2025/₹207698/-<br>702/26.03.2025/₹92302/-<br>22401167/28.03.2025, ₹28857/- |
| EPAC | 253602.68/- |
| Accepted PAC | 278693/- |

കരാറുകാരന്റെ പേര്: ശ്രീ ബേസിൽ പി വർഗീസ്
കരാർ നം. 68/AE/LID&EW/VNGR/23-24 തീയതി 26.2.24

റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഐറ്റം E1.001 ആയി ഉൾപ്പെടുത്തിയിട്ടുള്ളത് ബിൽറ്റ് അപ്പ് ട്യൂബുലർ ട്രസ്സ് ആണെങ്കിലും സൈറ്റിൽ ചെയ്തിട്ടുള്ളത് ഡി.എസ് ആർ ഐറ്റം 10.1 Structural Steel Work In Single Section.................. @101.27/Kg ആയതിനാൽ അധികം തുക നൽകിയിട്ടുണ്ട്.

നൽകിയ തുക 129.950kg@185.33= ₹24083.63/- (ടെൻഡർ വ്യതിയാനം 9.8% Above).
നൽകാവുന്ന തുക 129.950kg@111.19= ₹14449/- (ടെൻഡർ വ്യതിയാനം ഉൾപ്പെടെ)
അധികം നൽകിയത് 24083.63-14449= ₹9,634.63/-
സിംഗിൾ സെക്ഷനിംഗ് പ്രവൃത്തിക്ക് ബിൽറ്റ് അപ്പ് ട്യൂബുലർ ട്രസ്സിന്റെ നിരക്ക് നൽകിയത് ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. വിശദ വിവരങ്ങൾ ഖണ്ഡിക 3-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 സാങ്കേതികാനുമതിയിൽ നിന്ന് വ്യത്യസ്തമായി പ്രൊജക്ട് നടപ്പാക്കി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,<br>പേര് | എസ് ഒ 273/25,<br>പാണംകുഴി കുടിവെള്ള പദ്ധതി പൂർത്തീകരണം |
| അടങ്കൽ | ₹131703.00 ( ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹130932.00 |
| Estimation PAC | 104310.60 |
| Accepted PAC | 111613/-(7% Above) |
| ബിൽ നമ്പർ | 42401170/29.08.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

കരാറുകാരന്റെ പേര്: ശ്രീ ജിറ്റോ കെ ബേബി

കരാർ നം. 56/AE/LSGD/VNGR/22-23 തീയതി 28.02.23

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിൽ 180 മീറ്റർ പി.വി.സി പൈപ്പും 80 മീറ്റർ ജി.ഐ പൈപ്പും സ്ഥാപിക്കുന്നതിനുള്ള ഇനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇനം. 1.001 ഐറ്റം നമ്പർ 50.18.9.6.1 Providing And Fixing PVC Pipes Including Jointing Of Pipes With One Step PVC Solvent Cement...................180.00metre @283.81/Metre= 51085.80

ഇനം. 1.002 ഐറ്റം നമ്പർ 18.12.6 Providing And Fixing GI Pipes Complete With GI Fittings Including Trenching And Refilling Etc..........................80.00metre @665.31/Metre= 53224.80

ORDER No. LSGD/CELSGD/EST_TS/109987/2022_5_1_1 Dated 12.01.2023 നമ്പർ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതും ഈ പ്രവൃത്തികൾക്കാണ്. എന്നാൽ ഈ രണ്ട് ഇനങ്ങളും ഒഴിവാക്കി എക്സ്ട്രാ ഐറ്റം ആയി പ്രവൃത്തി ചെയ്തിട്ടുള്ളത് ഐറ്റം 18.48 Providing And Placing On Terrace (At All Floor Levels) Polyethelene Water Storage Tank............10000.00 Litre @10.37/Litre= ₹103700/- ആണ്. അതായത് സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തി ചെയ്യാതെ തികച്ചും വ്യത്യസ്തമായി എക്സ്ട്രാ ഇനത്തിൽ ഉൾപ്പെടുത്തി വാട്ടർ ടാങ്ക് വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 23.10.2025 തീയതിയിൽ 20ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ഒരേ കാലയളവിൽ ആണ് പദ്ധതി പൂർത്തീകരണം വിഭാവനം ചെയ്തിരുന്നതെന്നും ജില്ലാ പഞ്ചായത്ത് പ്രവൃത്തിയിൽ പൈപ്പ്ലൈൻ പൂർത്തീകരിച്ചെങ്കിലും വാട്ടർ ടാങ്കിന് ഫണ്ട് തികയാതെ വരികയായിരുന്നുവെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു. ആയതിനാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും ജില്ലാ പഞ്ചായത്ത് മെമ്പർമാരുടെയും ശിപാർശ പ്രകാരം വാട്ടർ ടാങ്ക് വാങ്ങി സ്ഥാപിക്കുകയാണുണ്ടായതെന്നും വിശദീകരിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാങ്ങലുകൾക്ക് ബാധകമായ ജി.ഒ(പി)നം.25/2010 തസ്വഭവ തീയതി 08.11.2010 നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ച് വാങ്ങൽ നടത്തേണ്ടതിന് പകരം മരാമത്ത് പ്രവൃത്തിക്ക് ലഭിച്ച സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിൽ വാട്ടർ ടാങ്ക് വാങ്ങിയത് ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-29 സോർട്ടിംഗ് ടേബിൾ വാങ്ങൽ-അപാകത

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 351/25, എം സി എഫി ലേക്ക് സോർട്ടിംഗ് ടേബിൾ |
| അടങ്കൽ (ഫണ്ട്) | ₹50000/-<br>1) ₹15000/-(വികസന ഫണ്ട് -ജനറൽ)<br>2) ₹35000/-(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് | ₹39000/-<br>1) ₹15000/-(വികസന ഫണ്ട് -ജനറൽ) |


| | |
|---|---|
| | 2) ₹24000/-(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ബിൽ നം/തിയതി | 1.565/13.3.25- ₹15000/-<br>2.637167/30.3.25- ₹24000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

**1.സോർട്ടിംഗ് ടേബിൾ വാങ്ങുന്നതിനായി എസ്.സി-1-101/2025 തീയതി 15.01.2025 ലെ ക്വട്ടേഷൻ നോട്ടീസിൽ സോർട്ടിംഗ് ടേബിളിന്റെ ആവശ്യകത അനുസരിച്ചുള്ള സ്പെസിഫിക്കേഷൻ, ക്വാട്ട് ചെയ്തിട്ടില്ല. ആയതിനാൽ ക്വട്ടേഷൻ സമർപ്പിച്ച മൂന്ന് സ്ഥാപനങ്ങളും ഒരേ സ്പെസിഫിക്കേഷനിലുള്ള ടേബിൾ ആണോ ക്വാട്ട് ചെയ്തതെന്ന് ബോധ്യമല്ല.**


**2.സ.ഉ (കൈ) നം. 115/2022 ത.സ്വ.ഭ.വ തീ 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.20 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം. 259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യുർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യുർമെന്റ് ടീമിനാണ്. ഇത് സംബന്ധിച്ച് പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.**

**3. ഫയലിൽ ചേർത്തിട്ടുള്ള ക്വട്ടേഷനിൽ മന്ന എഞ്ചിനീയറിംഗ് ഓടക്കാലിൽ, അനുഗ്രഹ എഞ്ചിനീയറിംഗ് കുറുപ്പംപടി എന്നീ പേരുകളിൽ സ്ഥാപനങ്ങൾ ഇല്ല എന്ന് ക്വട്ടേഷനിൽ നൽകിയിട്ടുള്ള ഫോൺ മുഖാന്തിരം ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ കാണുന്നു. ലഭ്യമായ മൂന്ന് ക്വട്ടേഷനുകളുടെ പകർപ്പ് ചുവടെ ചേർക്കുന്നു.**

**1)**


ANUGRAHA ENGINEERING
KURUPPAMPADY P O, PERUMBAVOOR
PH: 89432 28524
Date:
Quotation
True Copy

**2)**



**MANNA ENGINEERING**

ODAKKALI P O, ODAKKALI

PH: 95628 13815

Date:

ക്വട്ടേഷൻ

To

സെക്രട്ടറി

വേങ്ങൂർ ഗ്രാമ പഞ്ചായത്ത്

സോർട്ടിങ് ടേബിൾ നിർമ്മാണം 1 എണ്ണം - 20000/- രൂ.


ഓടക്കാലി

എന്ന്

ബേസിൽ സജീവ്

True Copy

3)



**EDWIN ENGINEERING WORKS**

PERUMBAVOOR, VENGOOR

Mobile : 9645772822, 7559972822

Ref :

Date.............................

Quotation

To

The Secretary

Vengoor grampanchayath,

Sorting table 1 pc – 19500/-

Vengoor

By

Basil.p.varghese

True Copy

മേൽ വിവരങ്ങൾ ലഭ്യമാക്കുവാൻ താല്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/24.10.25 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വളരെ അടിയന്തിരമായി ചെയ്യേണ്ടി വന്ന പ്രവൃത്തി ആയതിനാൽ നടത്തിപ്പിൽ

സാങ്കേതികമായി വന്ന പിഴവുകൾ അടിയന്തിരമായി പരിഹരിച്ചു നല്കുന്നതാണെന്നും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ആധികാരികതയുള്ള സ്ഥാപനത്തിന് തന്നെയാണ് ക്വട്ടേഷൻ നൽകിയിട്ടുള്ളതെന്നും, ഇതു മൂലം പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെന്നും അറിയിച്ചു. എന്നാൽ ഓഡിറ്റ് ചൂണ്ടികാണിച്ച അപാകതകൾ ആയ മന്ന എഞ്ചിനീയറിംഗ് ഓടക്കാലിൽ, അനുഗ്രഹ എഞ്ചിനീയറിംഗ് കുറുപ്പംപടി എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനിൽ ഉള്ള ആധികാരികത, ക്വട്ടേഷൻ നടപടികളിലെ മാനദണ്ഡം പാലിക്കൽ, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സുതാര്യമായും നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-30 വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടില്ല.

വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തെ വെള്ളക്കരക്കുടിശ്ശിക കേരള സംസ്ഥാന വാട്ടർ അതോറിറ്റിയുടെ 31.03.2025 ലെ ബിൽ നം. 94376 പ്രകാരം ₹26491711/- യാണ്. നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 11 പൊതുടാപ്പുകളാണുള്ളത്. ആയതിന് ₹13346/- യാണ് പ്രതിമാസ വെള്ളക്കരം. ഇത് പഞ്ചായത്ത് സെക്രട്ടറിയുടെ പ്രോജക്ട് പ്രകാരം അടവാക്കി വരുന്നു (2024-25 മാർച്ചിലെ ₹13346/- ചെക്ക് നം. 637154/19.03.25 പ്രകാരം പ്രോജക്ട് നം. 365/25 ന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്ന് അടവാക്കി. എന്നാൽ മുൻവർഷങ്ങളിൽ അടവാക്കാതിരുന്ന തുകയും അതിന്റെ മാസം തോറുമുള്ള പിഴപ്പലിശയുമുൾപ്പെടെ 2025 ഫെബ്രുവരി മാസത്തെ വെള്ളക്കരക്കുടിശ്ശിക ₹25968977/-, ഫൈൻ ഇനത്തിൽ ₹509388/- യും, മാർച്ച് മാസ ഡിമാന്റ് ₹13346/-യും ഉൾപ്പെടെ ₹26491711/- ആണ് ബിൽ തുക. (പ്രതിമാസം 2% നിരക്കിൽ പ്രതിവർഷം 24% ആണ് വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പിഴപ്പലിശയായി ഈടാക്കുന്നത്). കേരളാ വാട്ടർ അതോറിറ്റിയുടെ 15.10.2024 ലെ കത്ത് നം RO/ALY/19/Vol.IIൽ ആംനസ്റ്റി അദാലത്ത് പ്രകാരം നൽകേണ്ട ആനുകൂല്യമായ ₹46178747/- ഏപ്രിൽ 2023 കുടിശ്ശിക തുകയിൽ നിന്ന് കിഴിവ് നൽകിയിട്ടുണ്ട്. ഇതിൽ കൂടുതൽ ആനുകൂല്യം നൽകുവാൻ നിലവിലെ കേരളാ വാട്ടർ അതോറിറ്റിയുടെ നിയമമനുസരിച്ച് സാധ്യമല്ല. ആയതിനാൽ കുടിശ്ശിക തുക അടച്ച് റവന്യൂ റിക്കവറിയിൽ നിന്ന് ഒഴിവാകണമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന് മറുപടിയായി വേങ്ങൂർ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് കുറഞ്ഞ പഞ്ചായത്തായതിനാൽ കുടിശ്ശിക തുക അടവാക്കുന്നതിൽ കൂടുതൽ അനുഭാവ പൂർണ്ണമായ സമീപനം സ്വീകരിച്ച് ആയത് തവണകളായ് ഒടുക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട് (കത്ത് നം. 400602/DGOP03/GPO/2024/3408 തീയതി 24/10/2024). എന്നാൽ ഇതിന്മേൽ തുടർ നടപടി കൈക്കൊണ്ടതായി കാണുന്നില്ല.ഇത് സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കുവാൻ താല്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/21.10.2025 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ജി.ഒ.(ആർ.റ്റി )7034/2025/ഫിൻ തീയതി 30.08.2025 ഉത്തരവ് പ്രകാരം 14- ാം ധനകാര്യ കമ്മീഷൻ ഇനിയും ചെലവഴിക്കാത്ത ബേസിക്ക് ഗ്രാന്റിൽ നിന്ന് ₹9924595/- വാട്ടർ ചാർജ്ജ് കുടിശ്ശിക ഇനത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ഉത്തരവായിട്ടുള്ളതാണെന്നും ടി തുക കുടിശ്ശികയിൽ വരവ് വെച്ചതിന്റെ റിപ്പോർട്ട് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ബഹു. തദ്ദേശ വകുപ്പ് ഡയറക്ടറുടെ 9.10.2025 ലെ LSGD/PD/29926/2025-DPLC5 നിർദ്ദേശ പ്രകാരം കണക്കുകളിൽ കൃത്യത വരുത്തുന്നതിന് 24.10.2025 തീയതിയിൽ വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർനടപടി അറിയിക്കേണ്ടതാണ്.

## 1-31 അതിദരിദ്രർക്ക് ഭക്ഷണ വിതരണം - ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉറപ്പാക്കണം

1.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 101/25, അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ |
| അടങ്കൽ (ഫണ്ട്) | ₹77000/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹76000/- (വികസന ഫണ്ട് -ജനറൽ) |
| ബിൽ നം/തിയതി /തുക | 1.120/12.7.24- ₹19000/-<br>2.274/11.12.24- ₹19000/- |

| | |
|---|---|
| | 3.355/31.12.24- ₹19000/-<br>4.669/23.3.25- ₹19000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 120/24(203/25 സ്പിൽ ഓവർ), അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ |
| അടങ്കൽ (ഫണ്ട്) | ₹19600/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹19600/- (വികസന ഫണ്ട് -ജനറൽ) |
| ബിൽ നം/തിയതി | 42 /9.5.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിലെ മാർഗ്ഗരേഖ സംബന്ധിച്ച സർക്കാർ ഉത്തരവ് (കൈ) നം. 84/2022/LSGD തീയതി 19.04.2022 ഖണ്ഡിക 6.6 (2) പ്രകാരം മൈക്രോ പ്ലാനുകളിലെ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി നിർവ്വഹണ പ്രൊജക്ടുകൾക്ക് രൂപം നൽകേണ്ടതും ലഭ്യമായ സ്രോതസുകളിൽ നിന്നും വിഹിതം കണ്ടെത്തി ഓരോ വർഷത്തെയും പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്ടിൽ വികസന ഫണ്ട് മാത്രമാണ് വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കുന്ന അതിദരിദ്രർക്കു വേണ്ടിയുള്ള മൈക്രോ പ്ലാനുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകണം. ഇപ്രകാരം വിഹിതം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ എന്ന് താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/23.10.25 ന് മറുപടി ലഭ്യമാക്കിയില്ല.ആയത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതും സമാന പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവിനനുസരിച്ചുള്ള ഫണ്ട് വിഹിതം ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-32 പകൽ വീട് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | പകൽ വീട് ഫർണീച്ചർ, പുസ്തകങ്ങൾ , 187/2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹20000/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | ₹12500/- |
| ബിൽ നം/തീയതി | 600/17.03.2025 |

വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ വാർഡ് 11 ൽ ആണ് പകൽവീട് സ്ഥിതി ചെയ്യുന്നത്. 2024-25 സാമ്പത്തിക വർഷം സെക്രട്ടറിയുടെ പ്രോജക്ടായി (നം. 368/25) ഇ-ടാപ്പ് (പുതിയ വാട്ടർ കണക്ഷനായി ) കേരളാ വാട്ടർ അതോറിറ്റിക്ക് ₹24847/-യും (ചെക്ക് നം 110067/24.01.25) പ്രകാരവും, പ്രോജക്ട് നം. 187/2025 പ്രകാരം പകൽ വീടിനായി 'പകൽ വീട് ഫർണീച്ചർ, പുസ്തകങ്ങൾ' എന്ന പ്രോജക്ടായി പെരുമ്പാവൂർ ഉള്ള അഭിലാഷ് ബെഡ് ആന്റ് ഫർണീച്ചർ മാളിൽ നിന്നും സ്റ്റീൽ അലമാര വാങ്ങിയ ഇനത്തിൽ ₹12500/-യും ചെലവഴിച്ചിട്ടുണ്ട്. 14.10.2020 ൽ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തിയ മേൽ കെട്ടിടത്തിൽ വൈദ്യുതി, കുടിവെള്ള കണക്ഷൻ എന്നീ സൗകര്യങ്ങൾ ഉണ്ടെങ്കിലും പകൽവീട് നിലവിൽ പ്രവർത്തിക്കുന്നില്ല എന്നാണ് 22.10.2025 ൽ ഓഡിറ്റ് ടീം അവിടം സന്ദർശിച്ചതിൽ ബോദ്ധ്യപ്പെട്ടത്. പകൽവീടിനായി വാങ്ങിയ സ്റ്റീൽ അലമാര പഞ്ചായത്തിൽ തന്നെ സൂക്ഷിക്കുന്നതായാണ് കണ്ടത്. ആയത് പ്രവർത്തിക്കുന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കാൻ താല്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/22.10.25 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പകൽ വീട് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതുമാണ്.

## 1-33 ബഡ്സ് സ്കൂൾ വാഹനത്തിന് ഇന്ധനം,അറ്റകുറ്റ പണികൾ -വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | 103/25, ബഡ്സ് സ്കൂൾ വാഹനത്തിന് ഇന്ധനം, അറ്റകുറ്റ പണികൾ |
| അടങ്കൽ (ഫണ്ട്) | ₹4,50,000/-<br>1. ₹300000/- (വികസന ഫണ്ട് -ജനറൽ)<br>2. ₹150000/- (തനത് ഫണ്ട്) |
| ചെലവ് | ₹308175/-<br>1. ₹283231/- (വികസന ഫണ്ട് -ജനറൽ)<br>2. ₹24944/- (തനത് ഫണ്ട്) |
| ബിൽ നം/തിയതി | 1.64/14.6.24- ₹26361/- (ഇന്ധന ചെലവ്)<br>2.121/12.7.24- ₹19724/- (അറ്റകുറ്റപണി)<br>3.160/12.08.24- ₹47738/- (ഇന്ധന ചെലവ്)<br>4.197/7.9.24- ₹7400/- (2 ടയർ റീസോൾ)<br>5.328/18.12.24- ₹95724/- (ഇന്ധന ചെലവ്)<br>6.554/12.03.25- ₹79818/- (ഇന്ധന ചെലവ്)<br>7.576/14.03.25- ₹6466/- (അറ്റകുറ്റപണി)<br>8.140733/3.2.25- ₹10200/- (ടയർ റീസോൾ, ലൈറ്റ് ഫ്ളാഷർ മാറ്റിയത്, 2 ടയർ റീസോൾ ചെയ്തത്)<br>9.140753/26.3.25- ₹14744/- (അറ്റകുറ്റപണി, 2 ടയർ റീസോൾ ചെയ്തത്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്തിന്റെ അധീനതയിലുള്ള ബഡ്സ് സ്കൂളിന് എം.പി ഫണ്ട് ഉപയോഗിച്ച് 2023-24 വർഷം 22 സീറ്റ് കപ്പാസിറ്റിയുള്ള എയ്ഷർ ബസ് വാങ്ങിച്ചിട്ടുണ്ട്(KL40V 0286). ആയത് സംബന്ധിച്ച് കൂടുതൽ വിവരം ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം. 10/23.10.25) മറുപടി ലഭിച്ചില്ല. പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1. PSN Automobile Pvt.Ltd Palarivattom Br. ന്റെ 01.07.2024 ലെ ഇൻവോയ്സ് പ്രകാരം ₹17024.18-യ്ക്ക് ബഡ്സ് സ്കൂൾ ബസ് സർവീസ് ചെയ്തിട്ടുണ്ട്. ആദ്യ സർവീസ് നടത്തിയ വകയിൽ ₹17024/- അനുവദിച്ച് നൽകാവുന്നതാണെന്ന സ്കൂൾ പ്രിൻസിപ്പാളിന്റെ കത്തിന്റെ അടിസ്ഥാനത്തിലാണ് ബിൽ നം. 121/12.07.2024 (BRN No 24120752009100407129/12.07.24) പ്രകാരം ₹17024/- യുടെ ചെലവഴിച്ചത്. ഇൻവോയ്സ് പ്രകാരം Replaced Under Warrenty, Item Description ൽ Free Service-1 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ₹17024/- വാഹനത്തിന് ആദ്യ സർവീസിൽ തന്നെ നൽകാൻ ഇടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2. ഈ തുക PSN Automobile Pvt.Ltd കൈപ്പറ്റിയതിന്റെ രസീത്.

3. വാഹനം വാങ്ങിയ സമയത്ത് ലഭിച്ച വാറന്റി, മറ്റ് സർവ്വീസ് സംബന്ധിച്ച വിവരം .

4. 01.07.2024 ൽ സർവീസ് ചെയ്ത വാഹനം വീണ്ടും 2.7.24 ൽ പഞ്ചായത്ത് ഓഫീസിന് സമീപത്ത് Magic Touch Car Wash എന്ന സ്ഥാപനത്തിൽ ഫുൾ സർവീസ് നടത്തിയ വകയിൽ ₹1500/- യും നൽകിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

5. കേരള സർക്കാരിനു കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഉണ്ടായിരിക്കണമെന്ന് ജി.ഒ(പി) നം 819/2000/ധന തീയതി 18.04.2000 ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വേങ്ങൂർ പഞ്ചായത്തിലെ ബഡ്സ് സ്കൂൾ ബസിന്റെ ഇൻഷ്വറൻസ് ഓറിയന്റൽ ഇൻഷ്വറൻസ് എന്ന കമ്പനിയുടെ ആണ്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹന ഇൻഷ്വറൻസ് എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6. വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ബഡ്സ് സ്കൂളിന്റെ KL40 E 9615 നമ്പർ ബസ് നിലവിൽ സർവീസ് നടത്തുന്നുണ്ടോ എന്നും ആയത് പ്രവർത്തനരഹിതമാണെങ്കിൽ സർക്കാർ നിബന്ധനയ്ക്ക് വിധേയമായി

കണ്ടം ചെയ്യാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോയെന്നുമുള്ള വിവരംരേഖാമൂലം അറിയിക്കേണ്ടതാണ്.

7. പുതിയ ബസ് പഞ്ചായത്തിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

8. 2023-24 ൽ വാങ്ങിയതും, ബഡ്സ് സ്കൂളിന് മാത്രമായി സർവീസ് നടത്തുന്നതുമായ ബസിനു ₹58534/- ടയർ റീസോൾ ഉൾപ്പെടെ അറ്റകുറ്റപണികൾക്ക് ചെലവ് വന്നതിന്റെ സാഹചര്യം വിശദമാക്കേണ്ടതാണ്.

9. KL40 E 9615, KL40V 0286 എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/23.10.25 ന് മറുപടിയായി KL40V 0286 നമ്പർ വണ്ടിയുടെ ലോഗ് ബുക്ക് മാത്രമാണ് ഹാജരാക്കിയത്. ആയതിനാൽ 29.09.2025 വരെയുള്ള രേഖപ്പെടുത്തൽ ആണ് വരുത്തിയിട്ടുള്ളത്. മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവശ്യമുള്ള രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-34 ഹോമിയോ മരുന്ന് ലഭ്യമായില്ല -₹92220/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0453/25 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹200000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് വിവരം | ₹200000/- ബിൽ നം. - 558/12.03.25 |

സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ ₹200000/- ഹോംകോയ്ക്ക് (കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോഓപ്പറേറ്റീവ് ഫാർമസി) നൽകിയതിൽ ഇൻവോയിസ് നം LF. 1823 തിയതി 16.10.25 പ്രകാരം ₹107780 /-യുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. ബാക്കി ₹92220/- യുടെ മരുന്ന് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 5/22.10.25 ന് മറുപടി ലഭ്യമാക്കിയില്ല.

മരുന്ന് ലഭിക്കുവാൻ വൈകുന്നത് ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കും എന്നതിനാൽ മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന വിവരങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കുന്നതു വരെ ₹92220/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/ വൗച്ചർ നമ്പർ/തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | 71/25, സ്ട്രീറ്റ് ലൈൻ വാർഡ് 10,8,6,7 | ബിൽനം.268/29.11.24 -20210/- ബിൽനം.269/29.11.24- 2245/- ബിൽനം.432/11.2.25 81597- ബിൽനം.544/12.3.25- 100000/- | 204052/- | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 439/25, പാണംകുഴി വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -13, | ബിൽനം.431/11.2.25 9994/- ബിൽനം.430/11.2.25 89945/- | 99939 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കുവാൻ താല്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 18 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഈ ഇനത്തിലെ ചെലവ് ₹303991/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

**1-36 ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ (340100303) പ്രകാരം താഴെ ചേർക്കും പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ₹83,500/- ബാദ്ധ്യത ഉള്ളതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം, കാലഹരണപ്പെട്ടിട്ടുള്ള നിക്ഷേപം എന്നിവ നാളിതുവരെ തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

നിലവിൽ കാലഹരണപ്പെട്ടിട്ടുള്ള ഈ തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-37 ഹെൽത്ത് ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും**

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് വേങ്ങൂർ ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | 320100202-സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്റേഴ്സ് | - | | | |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി | - | 403036 (Int-3596) | 838000 (Int.14505) | *350000 (Int- 28221)* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് | - | - | - | - |

| | | | | | |
|---|---|---|---|---|---|
| | ഹെൽത്ത് യൂണിറ്റ് | | | | |
| 3 | 320100203-ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി, സി.എച്ച്.സി | - | - | - | - |
| 4 | 320100204- കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | - | 250897 + 2345/- (പലിശ) | 356000/- (6609/- പലിശ) | 567000/- (10415/- പലിശ) |

കുറിപ്പ്: 2021-22-ലെ ഗ്രാന്റ് 22-23-ലും 22-23-ലേത് 23-24-ലും 23-24-ലേത് 24-25-ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | 320100202-സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (I) സബ് സെന്റേഴ്സ് | - | - | - | 807332/- |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (Ii) പി.എച്ച്.സി. | - | - | 224795 (Excess Payment 8374-Bank Charges) - | *816462.00 121 (Bank Charges)* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | 320100203-ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി, സി.എച്ച്.സി. | - | - | - | - |
| 4 | 320100204- കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | | 237587/- (5.00 Bank Charges) | 293107/- 119 (Bank Charges) |

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

| |
|---|
| 320100202-സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. |

(Ii) പി.എച്ച്.സി.

| പ്രോജക്ട് | ചെലവ് | | |
|---|---|---|---|
| | 2022-23<br>₹ | 2023-24<br>₹ | 2024-25<br>₹ |
| ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - | | *പ്രോജക്ട് നം. 328*<br>*224795*<br>*(8374 - Excess Payment)* | *816462* |
| കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | | 237587 | *293107* |
| എസ് ഒ186/24- ഗ്രാമപ്രദേശങ്ങളിലും കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | -<br>- | - | - |
| എസ്.235/25 ജനകീയാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ | - | - | - |
| എസ്.199/25-ഹെൽത്ത് സബ്സെന്ററുകളിലേക്ക് പരിശോധനാക്കിറ്റുകൾ, അനുബന്ധ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | - | - | - |

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം

ഇല്ല

4. .ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.(Ii) പി.എച്ച്.സി.<br>(320100202) | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.<br>(320100204) |
|---|---|---|
| മുന്നിരുപ്പ് | ₹1025967 | ₹378259 |
| വരവ് (പലിശ ഉൾപ്പെടെ) | ₹378221 | ₹577415 |
| ആകെ | ₹1404188 | ₹955674 |
| ചെലവ് | ₹816583 | ₹293226 |
| നീക്കിയിരുപ്പ് | ₹587605 | ₹662448 |

## 1-38 ജൽജീവൻ പദ്ധതി - അവലോകനം.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ

കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ജൽജീവൻ മിഷൻ - കേരളം

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

ജൽജീവൻ മിഷനും - വേങ്ങൂർ ഗ്രാമ പഞ്ചായത്തും

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുവാനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് വേങ്ങൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതിക്കായി സ്ഥാപന വിഹിതവും ഗുണഭോക്തൃവിഹിതവും അടവാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്റ്റീൽ വർക്കിന് അധിക നിരക്കിൽ തുക അനുവദിച്ചു.

പഞ്ചായത്തിലെ വിവിധ പ്രവൃത്തികളിൽ സ്റ്റീൽ വർക്ക് ചെയ്യുന്നതിന് നൽകിയിട്ടുള്ള നിരക്ക് ഡി.എസ് ആർ ഇനം 10.16.1 Steel Work In Built Up Tubular ( Round, Square Or Rectangular Hollow Tubes Etc.) Trusses Etc.. @168.82 ആണ്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ 22.10.25 ന് നേരിട്ട് പരിശോധിച്ചതിൽ ഡി.എസ് ആർ ഡാറ്റ 10.1 പ്രകാരമുള്ള Steel Work In Single Sectioning ആണ് ചെയ്തിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | എസ് ഒ 272/25,<br>പകൽവീട് നവീകരണം വാർഡ് 11 |
| അടങ്കൽ | ₹328857.00<br>(₹300000/- ധനകാര്യ കമ്മീഷൻ അവാർഡ്,<br>28857/- തനത് ഫണ്ട്) |
| ചെലവ് | ₹328857.00<br>(300000/- ധനകാര്യ കമ്മീഷൻ അവാർഡ്, |

| | |
|---|---|
| | 28857/- തനത് ഫണ്ട്) |
| ബിൽ നം./വൗച്ചർ നം./ തീയതി/തുക | 586/15.03.2025/₹207698/-<br>702/26.03.2025/₹92302/-<br>22401167/28.03.2025, ₹28857/- |
| EPAC | ₹253602.68/- |
| Accepted PAC | ₹278693/- |

**കരാറുകാരന്റെ പേര്: ശ്രീ ബേസിൽ പി വർഗീസ്**

**കരാർ നം. 68/AE/LID&EW/VNGR/23-24 തീയതി 26.2.24**

**പഞ്ചായത്തിലെ വാർഡ് 11-ലെ പകൽവീട് നവീകരണം നടത്തിയ പ്രൊജക്ടിൽ എക്സ്ട്രാ ഇനം (1) ആയി സ്റ്റീൽ വർക്ക് ചെയ്തതിന് ഡി.എസ്.ആർ ഐറ്റം 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc @168.82 എന്ന നിരക്കിൽ ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.**

**129.950kg@185.33= ₹24083.63/-**

**പ്രവൃത്തിയുടെ ചിത്രം താഴെ ചേർക്കുന്നു.**



**റിവൈസ്ഡ് എക്സ്ട്രാ ഐറ്റം E1.001 ആയി, എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ബിൽറ്റ് അപ് ട്യൂബുലർ ട്രസ്സ് ആണെങ്കിലും സൈറ്റിൽ ചെയ്തിട്ടുള്ളത് ഡി.എസ് ആർ ഐറ്റം 10.1 Structural Steel Work In Single Section.................. @101.27/Kg ആയതിനാൽ അധികം തുക നൽകിയിട്ടുണ്ട്.**

**നൽകിയ തുക 129.950kg@185.33=24083.63/- രൂപ (ടെൻഡർ വ്യതിയാനം 9.8% Above).**

**നൽകാവുന്ന തുക 129.950kg@111.19=14449/- (ടെൻഡർ വ്യതിയാനം ഉൾപ്പെടെ)**

**അധികം നൽകിയത് 24083.63-14449=9,634.63/- രൂപ**

**ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 23.10.2025-ൽ 19ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് ഈ പ്രവൃത്തിയിൽ Steel Work Using Round, Square Or Rectangular Hollow Tubes Etc തന്നെ ഉപയോഗിച്ചാണ് നിർവ്വഹണം നടത്തിയിട്ടുള്ളത് എന്ന് അറിയിച്ചു. 10.1, 10.2 എന്നീ ഇനങ്ങൾ Structural Steel Work Using Tees, Angles, Channels And R.S Joists തുടങ്ങിയവ ഉപയോഗിച്ചാണെന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. എന്നാൽ 10.16.1 എന്ന ഡാറ്റ ബിൽറ്റ് അപ് ട്യൂബുലർ സെക്ഷനിലുള്ളതാണ്. സൈറ്റിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ രീതിയിലുള്ള പ്രവൃത്തി ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.**

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025-ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം/അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1.മെഡിസെപ് പ്രീമിയം ഒടുക്ക്-റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ)

| ഓഡിറ്റ് വർഷത്തെ ജീവന ക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 04/2024 മുതൽ 10/24 വരെ | 12x500x7 =42000/- | 42000/- | 0 | - |
| 11/2024 | 11x500x1 =5500/- | 5500/- | 0 | - |
| 12/2024 | 11x500x1 =5500 | 5500/- | 0 | - |
| 01/2025 | 13x500x1 =6500 | 6500/- | 0 | |
| 02/2025 മുതൽ 03/2025 വരെ | 12x500x2 =12000/- | 6000/- | 6000/- | മാർച്ച് 2025 മാസത്തെ തുക 04/2025 മാസത്തിൽ ഒടുക്കിയിട്ടുണ്ട്. |

2.മെഡിസെപ് പ്രീമിയം ഒടുക്ക്-റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

3.മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

4.മെഡിസെപ് പ്രീമിയം ഒടുക്ക്-റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-25 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയിട്ടുള്ളത്. | |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ട് നമ്പരും പേരും | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 150000 | 16/25, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 150000 | 0 |
| | 237500 | 355/25, വിജയഭേരി സ്കോളർഷിപ്പ് | 237500 | 0 |
| | 8045 | 21/25, പാലിന് സബ്സിഡി | 8045 | |
| | 1120000 | 191/25, ലൈഫ് പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് ജനറൽ | 1120000 | 0 |

| | | | | |
|---|---|---|---|---|
| | 6400 | 67/25, ചെറുധാന്യംൽകൃഷി | 6400 | |
| | 300000 | 44/25, ലൈഫ് ഭവനനിർമ്മാണം എസ്.സി | 300000 | |
| ആകെ | 1821945 | | 1821945 | |
| ബ്ലോക്ക് പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 449565 | 16/25, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 449565 | 0 |
| | 540000 | 14/24, ലൈഫ് ഭവനനിർമ്മാണം ജനറൽ | 540000 | 0 |
| | 350000 | 15/24, ലൈഫ് ഭവനനിർമ്മാണം എസ്.സി | 350000 | 0 |
| | 100000 | 192/25, ലൈഫ് ഭവനനിർമ്മാണം എസ്.സി | 100000 | 0 |
| | 1600 | 67/25, ചെറുധാന്യംൽകൃഷി | 1600 | 0 |
| | 200000 | 196/25, പാലിന് സബ്സിഡി | 200000 | |
| | 200000 | 121/25, പാലിന് സബ്സിഡി | 200000 | |
| | 369873 | 286/25, മൂഴിക്കൽ കടവ് റോഡ് വാർഡ് 1 | 369873 | |
| | 118750 | 355/25, വിജയഭേരി സ്കോളർഷിപ്പ് | 118750 | |
| ആകെ | 2329788 | | 2329788 | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/ വൗച്ചർ നമ്പർ/തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | 71/25, സ്ട്രീറ്റ് ലൈൻ വാർഡ് 10,8,6,7 | ബിൽ നം. 268/ 29.11.24/₹20210/- ബിൽ നം. 269/ 29.11.24/ ₹2245/- ബിൽ നം. 432 / 11.2.25/ ₹81597/- ബിൽ നം. 544/ 12.3.25/₹100000/- | 204052/- | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 439/25, പാണംകുഴി വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -13, | ബിൽ നം. 431/ 11.2.25 ₹9994/- ബിൽ നം. 430/ 11.2.25/₹89945/- | 99939 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-6 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷത്തെ വായ്പാ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ----- | 36299044 | 1261680 | 37560724 | 3239440 | ----- | 34321284 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ലോൺ കെയുആർ ഡിഎഫ്സി വഴി ലഭിച്ചത് | | | | | | | | |

ജി ഒ പ്രൊജക്ട് മുഖേന തുക അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | പേര് | തുക |
|---|---|---|
| എസ് 0473/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി എസ്.പി) | ₹58164 |
| എസ് 0472/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി എസ്.പി) | ₹58694 |
| എസ് 0469/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹491242 |
| എസ് 0471/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹493481 |
| എസ് 0470/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹1067664 |
| എസ് 0468/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹1070195 |
| | ആകെ | ₹3239440 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 46 | 2003-04 | | പാണംകുഴി ബാലവാടി വികസനം | തുക അടവാക്കി |
| 2013-14, 2014-15 | 2(3) | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി -അപാകതകൾ | തുടർനടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |
| 2015-16 | 2-2 | 2016-17 | | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | തുടർനടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |

## 4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹6,08,76,661/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹5,19,40,063/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹9,634.63/- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹396211/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം വരവിനങ്ങളിലുള്ള നഷ്ടം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | ₹9,634.63/- | ശ്രീമതി കദീജബീവി കെ എം, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | | ₹9,634.63/ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | ₹92220/- | ശ്രീമതി സിബി കൊന്താലം, സെക്രട്ടറി, വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| 1-35 | ₹303991/- | ശ്രീമതി സിബി കൊന്താലം, സെക്രട്ടറി, വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| ആകെ | ₹396211/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിബി കൊന്താലം,സെക്രട്ടറി, വേങ്ങൂർ ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, വേങ്ങൂർ ഗ്രാമപഞ്ചായത്ത് | നാരുംതേട്ടം, കിഴക്കേക്കര, മാറാടി |
| ശ്രീമതി കദീജബീവി കെ എം, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് | കാട്ടുപുറം വീട്, കണ്ടന്തറ, അല്ലപ്ര പി ഒ, പെരുമ്പാവൂർ 683556 |

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി2) 763(II)/2019/തീ.06.07.19 | 1 |
| 1999-2000 | കെ.എസ്.എ.ഇ.കെ.എം.(പി2) | 8 |

| | | |
|---|---|---|
| | 763(III)/2019/തീ.06.07.19 | |
| 2005-06 | എൽ എഫ് ഇ (പി2)1338/10 തീ.19.12.11 | 6 |
| 2006-07 | എൽ എഫ് ഇ (പി2)1339/10 തീ.19.12.11 | 7 |
| 2007-08 മുതൽ 2010-11 | എൽ എഫ് ഇ (പി2)1612/12/തീ.1.9.12 | 14 |
| 2011-12 To 2012-13 | എൽ എഫ് ഇ (പി2)763(IV)/2019/തീ.06.07.19 | 14 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി2)763(V)/2019 /തീ.06.07.19 | 11 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി2)2243/16/ തീ.31.01.2017 | 16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി2)674/19/ തീയതി.26.7.19 | 10 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി2)161/19/ തീയതി.15-07-19 | 13 |
| 2018-19 | നം.കെ.എസ്.എ.-ഇകെഎം(പി.2)275/2020, തീയതി.16.03.2020 | 15 |
| 2019-20 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)1914/2021 തീയതി 08.04.2022 | 47 |
| 2020-21 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)1915/2021 തീയതി 08.04.2022 | 40 |
| 2021-22 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)262/2023 തീയതി 13.04.2023 | 55 |
| 2022-23 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)1672/2023 തീയതി 13.12 .2023 | 55 |
| 2023-24 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)1786/2024 തീയതി 27.12 .2024 | 30 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 02-07-2025 and submitted on 03-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Vengoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vengoor Grama Panchayat as on 31-03-2025

Date: 18/12/2025 Deputy Director

Kerala State Audit Department

## Audit Report appended to the Audit Certificate of Vengoor Grama Panchayat for the Year 2024-2025.

### 1.Major Observations

nil

### 2.Other Observations

1. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules

2011, rule 62(f)) are not included.

2. Cash Flow statement Net increase / decrease in cash flow do not match with difference between opening balance and closing balance.

3. Property tax figures do not match between the annual financial statements and Sanjaya figures.

4.Bank reconciliation statement withrespect to SBI ,Kuruppampady is not accurate.

5.The expenditure of development fund gereral,CFC grant etc in Annual Financial Statement not agreeing with that of sulekha statement.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

**എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**